# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കള്ളിക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.2/318/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 11/05/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കള്ളിക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജി.പി.2/318/2022 തീയ്യതി: 11/05/2022

# തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ശ്രീജ .കെ | ഡെപ്യൂട്ടി ഡയറക്ടർ | 04-02-2022 | 11-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-02-2022 | 11-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിസ്ധുലാബീവി എം .ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീ.ജസ്റ്റിൻ രാജ് റ്റി .എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ജയലക്ഷ്മി ബി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സുരേഷ്ബാബു ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. രഞ്ജിത്ത്.സി , ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ജെ. ആർ. അജിത | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഉദ്യോഗ ഭരണസമിതി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ. പന്ത ശ്രീകുമാർ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. ഇ. വിഷ്ണു നമ്പൂതിരി | സെക്രട്ടറി | 01-04-2020 | 07-09-2020 |
| ശ്രീ. ഹരികൃഷ്ണൻ കെ.ജി. | സെക്രട്ടറി | 08-09-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഇ. വിഷ്ണു നമ്പൂതിരി | സെക്രട്ടറി | 01-04-2020 | 07-09-2020 |
| ശ്രീ. ഹരികൃഷ്ണൻ കെ.ജി. | സെക്രട്ടറി | 08-09-2020 | 31-03-2021 |
| ഡോ.അജോഷ് തമ്പി റ്റി.എസ്. | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 01-04-2020 | 31-03-2021 |
| ഡോ. ജാകിലിൻ.എ. | മെഡിക്കൽ ഓഫീസർ, ഗവ. ആയുർവേദ ഡിസ്പെൻസറി | 01-04-2020 | 11-02-2021 |
| ഡോ. ഫക്രുദ്ദീൻ. എ. | മെഡിക്കൽ ഓഫീസർ, ഗവ. ആയുർവേദ ഡിസ്പെൻസറി | 12-02-2021 | 31-03-2021 |
| ഡോ. രാധികാ റാണി. എ.എസ്. | മെഡിക്കൽ ഓഫീസർ, ഗവ. ഹോമിയോ ഡിസ്പെൻസറി | 01-04-2020 | 25-01-2021 |
| ഡോ. ദിവ്യ. കെ.പി. | മെഡിക്കൽ ഓഫീസർ, ഗവ. ഹോമിയോ ഡിസ്പെൻസറി | 26-01-2021 | 31-03-2021 |
| ഡോ. എസ്. സജിത്ത് കുമാർ | വെറ്റിനറി സർ**ജൻ** | 01-04-2020 | 31-03-2021 |
| ശ്രീ.സുനിൽ കെ. | കൃഷി ഓഫീസർ | 01-04-2020 | 24-05-2020 |
| ശ്രീ. ഷിൻസി. എൻ.ഐ. | കൃഷി ഓഫീസർ | 25-05-2020 | 31-03-2021 |
| ശ്രീമതി. സജീന ബീവി. ജെ. | അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 01-04-2020 | 25-06-2020 |
| ശ്രീമതി. രമ്യ. എം. | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 26-06-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി ലാൽസി റാണി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 01-11-2020 |
| ശ്രീമതി ലക്ഷ്മി എസ്. നായർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 02-11-2020 | 31-03-2021 |
| ശ്രീമതി പുഷ്പകുമാരി | വി.ഇ.ഒ. (സർക്കിൾ-എ) | 01-04-2020 | 31-03-2021 |
| ശ്രീമതി ആര്യ | വി.ഇ.ഒ. (സർക്കിൾ-ബി) | 01-04-2020 | 31-03-2021 |
| ശ്രീമതി ഉഷാകുമാരി | എച്ച്.എം. ട്രൈബൽ എൽ.പി.എസ്. വ്ളാവെട്ടി | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Renjith C (Auditor, On 16-02-2022)<br>Last Updated By: Prathap Rajan R.G (Computer Assistant, On 06-04-2022) | 1-1 |
| 2 | ബജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ<br>Written By: Renjith C (Auditor, On 16-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 07-04-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Jayalekshmi BK (Senior Grade Auditor, On 14-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-2 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Renjith C (Auditor, On 22-03-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Renjith C (Auditor, On 16-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-3-1 |
| 6 | വനിതാ ഘടക പദ്ധതികൾക്കായി തുക ചെലവഴിച്ചതിൽ കുറവ്<br>Written By: Renjith C (Auditor, On 16-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-3-2 |
| 7 | പദ്ധതി അവലോകനം<br>Written By: Jayalekshmi BK (Senior Grade Auditor, On 15-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-4 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Justin Raj T.S (Senior Grade Auditor, On 16-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-5 |
| 9 | പണം നീക്കിയിരിപ്പ് പരിശോധന<br>Written By: Justin Raj T.S (Senior Grade Auditor, On 16-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-6 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Sindhulabeevi.M (Audit Officer (HG), On 15-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 07-04-2022) | 1-7 |
| 11 | ലൈസൻസ് അപേക്ഷയോടൊപ്പമുള്ള അന്വേഷണ റിപ്പോർട്ട് ഫലപ്രദമല്ല<br>Written By: Justin Raj T.S (Senior Grade Auditor, On 17-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-8 |
| 12 | ലൈസൻസ് നൽകൽ കാര്യക്ഷമമല്ല<br>Written By: Justin Raj T.S (Senior Grade Auditor, On 17-02-2022)<br>Last Updated By: Sindhulabeevi.M (Audit Officer (HG), On 23-02-2022) | 1-9 |
| 13 | റസിഡൻഷ്യൽ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന് ഫാക്ടറി വ്യാപാര ലൈസൻസ് നൽകി<br>Written By: Justin Raj T.S (Senior Grade Auditor, On 17-02-2022)<br>Last Updated By: K Sreeja (Deputy Director, On 11-05-2022) | 1-10 |
| 14 | റേഷൻ കടകളിൽനിന്ന് തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 17-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-11 |
| 15 | സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 17-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 11-04-2022) | 1-12 |
| 16 | തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല | 1-13 |

| | | |
|---|---|---|
| | Written By: Justin Raj T.S (Senior Grade Auditor, On 17-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | |
| 17 | സ്ഥാപന നികുതി പിരിച്ചെടുത്തിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 17-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-14 |
| 18 | ലോഗ് ബുക്ക് സൂക്ഷിച്ചിട്ടില്ല<br>Written By: Renjith C (Auditor, On 16-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-15 |
| 19 | യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിലുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 17-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-16 |
| 20 | മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 17-02-2022)<br>Last Updated By: Justin Raj T.S (Senior Grade Auditor, On 17-02-2022) | 1-17 |
| 21 | തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 17-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-18 |
| 22 | ജീവനക്കാരുടെ വിവരം സ്ഥാപനം വെളിപ്പെടുത്തിയിട്ടും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 17-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-19 |
| 23 | വിമുക്ത ഭടന്മാരായ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 17-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-20 |
| 24 | തൊഴിൽ നികുതി ഈടാക്കിയതിലെ കുറവു കാരണം വരുമാന നഷ്ടം<br>Written By: Justin Raj T.S (Senior Grade Auditor, On 17-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-21 |
| 25 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച<br>Written By: Justin Raj T.S (Senior Grade Auditor, On 17-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-22 |
| 26 | സുഭിക്ഷ കേരളം പദ്ധതി-നാമമാത്രമായചെലവ്-വകയിരുത്തിയ ഫണ്ട് നഷ്ടമായി.<br>Written By: Suresh Babu B (Senior Grade Auditor, On 13-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 07-04-2022) | 1-23 |
| 27 | വൃദ്ധർക്ക് കട്ടിൽ-പ്രത്യേക ഘടക പദ്ധതി-എസ്.സി.സർട്ടിഫിക്കറ്റില്ലാതെ ആനുകൂല്യം നല്കി.<br>Written By: Suresh Babu B (Senior Grade Auditor, On 13-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 07-04-2022) | 1-24 |
| 28 | അംഗനവാടി പോഷകാഹാരം ന്യൂട്രിമിക്സിന്റെ ഗുണനിലവാരം പരിശോധിച്ച വിവരങ്ങൾ ലഭ്യമല്ല.<br>Written By: Suresh Babu B (Senior Grade Auditor, On 13-02-2022)<br>Last Updated By: K Sreeja (Deputy Director, On 11-05-2022) | 1-25 |
| 29 | പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ-നിയമാനുസൃത ക്വട്ടേഷനുകൾ സ്വീകരിക്കാതെ വാങ്ങൽ നടപടികൾ തുടരുന്നു.<br>Written By: Suresh Babu B (Senior Grade Auditor, On 13-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-26 |

| | | |
|---|---|---|
| 30 | പി.എച്ച്.സി.ക്ക് ജനറേറ്റർ വാങ്ങൽ-ടെണ്ടർ സേവിംഗ് തുകകളുടെ പദ്ധതിക്ക് ചെലവാക്കി-ഇ-ടെണ്ടറിന്റെ പ്രസക്തി ഇല്ലാതായി<br>Written By: Suresh Babu B (Senior Grade Auditor, On 13-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-27 |
| 31 | പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്.<br>Written By: Suresh Babu B (Senior Grade Auditor, On 13-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-28 |
| 32 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല-18,87,100/-രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: Suresh Babu B (Senior Grade Auditor, On 13-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-29 |
| 33 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. 172953/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.<br>Written By: Suresh Babu B (Senior Grade Auditor, On 13-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-30 |
| 34 | തുണിസഞ്ചി പേപ്പർബാഗ് നിർമ്മാണ യൂണിറ്റ് - ലോൺ അനുവദിച്ചതുമായി ബന്ധപ്പെട്ട ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കേണ്ടതാണ്- 200000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Jayalekshmi BK (Senior Grade Auditor, On 14-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-31 |
| 35 | പി.എം.എ.വൈ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്- 501538/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Jayalekshmi BK (Senior Grade Auditor, On 15-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-32 |
| 36 | ഹരിതകർമ്മസേന പ്രവർത്തനം- അധികം ചെലവഴിച്ച 8050/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Jayalekshmi BK (Senior Grade Auditor, On 15-02-2022)<br>Last Updated By: K Sreeja (Deputy Director, On 11-05-2022) | 1-33 |
| 37 | ജലശ്രീ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല- 7200/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Jayalekshmi BK (Senior Grade Auditor, On 15-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 07-04-2022) | 1-34 |
| 38 | ലൈഫ് ഭവനപദ്ധതി- രേഖകൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Jayalekshmi BK (Senior Grade Auditor, On 16-02-2022)<br>Last Updated By: K Sreeja (Deputy Director, On 11-05-2022) | 1-35 |
| 39 | മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷം റിവൈസ് ചെയ്യുന്നു.<br>Written By: Sindhulabeevi.M (Audit Officer (HG), On 16-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-36 |
| 40 | ടെണ്ടർ നടപടികൾ പാലിക്കാതെ മരാമത്ത് പ്രവൃത്തികൾ-<br>Written By: Sindhulabeevi.M (Audit Officer (HG), On 16-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-37 |
| 41 | എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു.<br>Written By: Sindhulabeevi.M (Audit Officer (HG), On 16-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-38 |
| 42 | പച്ചക്കറി കൃഷി (കുടുംബശ്രീ മുഖേന) -പദ്ധതി നടത്തിപ്പിലെ അപാകതകൾ.<br>Written By: Suresh Babu B (Senior Grade Auditor, On 13-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-39 |
| 43 | മരുന്നു വാങ്ങൽ പദ്ധതികൾ -ചെലവഴിച്ച മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമായില്ല.1,80,194/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Suresh Babu B (Senior Grade Auditor, On 13-02-2022) | 1-40 |

| | | |
|---|---|---|
| | Last Updated By: Reni L.S. (Computer Assistant, On 06-04-2022) | |
| 44 | വാഹന പരിപാലനത്തിലെ അപാകതകൾ<br>Written By: Justin Raj T.S (Senior Grade Auditor, On 17-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-41 |
| 45 | ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ<br>Written By: Justin Raj T.S (Senior Grade Auditor, On 17-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-42 |
| 46 | ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്<br>Written By: Justin Raj T.S (Senior Grade Auditor, On 17-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-43 |
| 47 | അളവ് പുസ്തകങ്ങൾ പ്രിന്റ് ചെയ്യതിന് ക്വട്ടേഷനുകൾ ക്ഷണിച്ചില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 17-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-44 |
| 48 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: Justin Raj T.S (Senior Grade Auditor, On 17-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 1-45 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ട് വിനിയോഗം<br>Written By: Jayalekshmi BK (Senior Grade Auditor, On 15-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 11-04-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 17-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jayalekshmi BK (Senior Grade Auditor, On 17-02-2022)<br>Last Updated By: Jayalekshmi BK (Senior Grade Auditor, On 17-02-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jayalekshmi BK (Senior Grade Auditor, On 15-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Jayalekshmi BK (Senior Grade Auditor, On 17-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jayalekshmi BK (Senior Grade Auditor, On 17-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Jayalekshmi BK (Senior Grade Auditor, On 17-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 06-04-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jayalekshmi BK (Senior Grade Auditor, On 12-04-2022)<br>Last Updated By: Jayalekshmi BK (Senior Grade Auditor, On 12-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayalekshmi BK (Senior Grade Auditor, On 17-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 12-04-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശം<br>Written By: Renjith C (Auditor, On 14-02-2022)<br>Last Updated By: Reni L.S. (Computer Assistant, On 07-04-2022) | 4-10 |
| | **അനുബന്ധം** | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 24.03.2020ലെ ഭരണസമിതിയുടെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് 8-2-2021ലെ ഭരണസമിതിയുടെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രതീക്ഷിത വരവ് ആകെ 32,84,12,957/-രൂപ പ്രതീക്ഷിത ചെലവ് 32,55,74,550/-രൂപ നീക്കിയിരിപ്പ് 28,38,407/-രൂപ.

### 1-1-1 ബജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടാത്ത തുക ചെലവഴിക്കുന്നുണ്ടെങ്കിൽ അനുബന്ധ ബജറ്റ്/പരിഷ്കരിച്ച ബജറ്റ് അവതരിപ്പിക്കേണ്ടതും തൊട്ടടുത്ത ഗ്രാമപഞ്ചായത്ത് യോഗത്തിൽ അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ബജറ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾക്കും, ബജറ്റിൽ വകയിരുത്തിയതിലും അധികമായും ചെലവഴിച്ചതിന് മേൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | ചെലവഴിച്ച തുക (ഇൻകം &എക്സ്പന്റിച്ചർ പ്രകാരം) | ബജറ്റ് പ്രകാരം അനുവദിച്ച തുക |
|---|---|---|
| 250103901- Animal Husbandry- Infrastucture -General | 250000 | 0 |
| 250104101- Animal Husbandry- Related Facility -General | 1100000 | 0 |
| 250105201-Inland Pisciculture-General | 266239 | 0 |
| 250200101- Soil And Water Onservation | 91795 | 0 |
| 250400101-Environment Conservation | 200000 | 0 |
| 251100103 - Pre- Primary Education TSP | 217269 | 0 |

ബജറ്റിൽ വകയിരുത്തിയതിനെക്കാളും കൂടുതൽ തുക ചെലവഴിച്ചിരുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | ചെലവഴിച്ച തുക (ഇൻകം & എക്സ്പന്റിച്ചർ പ്രകാരം) | ബജറ്റ് പ്രകാരം അനുവദിച്ച തുക |
|---|---|---|
| 250104601- Dairy Development- Storage | 1543129 | 700000 |

| | | |
|---|---|---|
| And Marketing - General | | |
| 251101001- Arts And Culture | 120000 | 100000 |
| 251300801- Total Poverty Alleviation Programs- General | 96830888 | 500000 |
| 251400101- Development Programs For Women And Children | 175435 | 150000 |

ബജറ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾക്കും, ബജറ്റിൽ വകയിരുത്തിയതിലും അധികമായും ചെലവഴിച്ചതിനും പ്രസ്തുത ചെലവ് റിവൈസ്ഡ് ബജറ്റ് വഴി അംഗീകരിക്കാത്തതിനും കാരണം വ്യക്തമായി വിശദീകരിച്ചിട്ടില്ല (ഓഡിറ്റ് എൻക്വയറി നം 6). ബജറ്റ് നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 28.07.2021 | - | - |

എ) വാർഷികധനകാര്യപത്രിക - പൊതു അപാകതകൾ

1) SBI Own Fund ന്റെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 6,67,445/- രൂപ 2018, 2019 വർഷങ്ങളിൽ ലഭിച്ച ചെക്ക് പണമാക്കിയിട്ടില്ലായെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. മുൻവർഷവും പ്രസ്തുത അപാകത ഉണ്ടായിരുന്നു. ലഭിക്കാനുള്ള തുക സംബന്ധിച്ച ചെക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. ഇത് ഏത് ഇനങ്ങളിലെ വരവാണെന്നും, ആയത് ക്രമീകരിക്കാൻ നടപടി സ്വീകരിച്ചതിന്റെ വിശദാംശവും ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

2) Kerala Gramin Bank- റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ കാലാവധി കഴിഞ്ഞിട്ടും പണമാക്കാത്ത ചെക്കുകളുടെ വിവരം രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ചെക്ക് നം. | തീയതി | തുക |
|---|---|---|
| 634634 | 30.12.2019 | 20832 |
| 634635 | 30.12.2019 | 9585 |
| 286697 | 7.9.20 | 595610 |
| 196327 | തീയതി രേഖപ്പെടുത്തിയിട്ടില്ല | 807764 |
| 2868 | തീയതി രേഖപ്പെടുത്തിയിട്ടില്ല | 2500 |

പ്രസ്തുത തുകകൾ ഏത് ഇനത്തിലെ വരവാണെന്നും, കാലാവധി കഴിഞ്ഞ ചെക്കുകളിലെ തുക ലഭിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കാനാവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല

3) മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചുപോലെ തൻവർഷവും Miscellaneous Receipt എന്ന ഹെഡിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്ന 5,35,020/- രൂപ ഏത് ഇനത്തിലെ വരവാണെന്നും, ഏത് ഏജൻസിയിൽ നിന്നും ലഭിച്ചതാണെന്നും വ്യക്തതയില്ല.

4) നൽകി മൂന്നുമാസമായിട്ടും പണമാക്കാത്തചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

| അക്കൌണ്ട് | ചെക്ക് വിവരം |
|---|---|
| STSB-(Joint Venture) | 2351413/30.03.2019- 3600/- |
| Service Co-op. Bank | 5136/31.3.2020- 596,<br>6192/11.10.19- 4000,<br>6161/4.9.19- 1200,<br>3177/24.6.19- 2000 |

| | |
|---|---|
| Kerala Gramin Bank | 1706343/8.9.20-12000,<br>2740769/6.10.20-8750,<br>4868/15.9.20- 3262,<br>5326/15.9.20- 1722 |

5) അഡ്വാൻസ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. വിവിധ അഡ്വാൻസ് ഇനങ്ങളിൽ തുക അനുവദിക്കുന്നതിന്റേയും, ക്രമീകരിക്കുന്നതിന്റേയും വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. വാർഷികധനകാര്യപത്രിക പ്രകാരമുള്ള അഡ്വാൻസ് നൽകിയതുകയും, ക്രീകരിച്ച തുകയും, നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിവിധ അഡ്വാൻസ് തുകകൾ ക്രമീകരിച്ചതിന്റെ വിശദാംശംവും ലഭ്യമാക്കിയിട്ടില്ല.

| ഇനം | മുന്നിരിപ്പ് | നൽകിയ തുക | ക്രമീകരിച്ച തുക | വരേണ്ടിയിരുന്ന നീക്കിയിരിപ്പ് | എ.എഫ്.എസ് പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|---|---|
| Festival Advance | 15000 | 105000 | 15000 | 105000 | 0 |
| Advance To Others | 884875 | 1541980 | 0 | 2426855 | 593380 |

6) മുൻവർഷം Festival Advance ഇനത്തിൽ ലഭിക്കാനുണ്ടായിരുന്ന 15,000/- രൂപ തൻവർഷത്തെ ബാലൻസ്ഷീറ്റിൽ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത തുക ശ്രീ.സാംജി, ഹെഡ്ക്ലാർക്കിൽ നിന്നും ലഭിക്കാനുള്ള തുകയെന്നാണ് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. ആയത് ലഭിച്ചതിന്റെ വിശദാംശം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

7) ലേലം രജിസ്റ്റർ പ്രകാരമുള്ള തുകയും, എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | രജിസ്റ്റർ പ്രകാരമുള്ള വരവ് | എ.എഫ്.എസ് പ്രകാരം ലഭിച്ചതുക |
|---|---|---|
| Market Receipt(current) | 50446 | 45446 |
| Usufructs Of Trees | 8025 | 5375 |

8) വാടക രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവയിൽ സംക്ഷിപിതം എഴുതാത്തതിനാൽ വരവിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

9) ലൈബ്രറി സെസ്സ് ഇനത്തിൽ 2020-21 വർഷം കളക്ട് ചെയ്ത തുക(61286/-) നാളിതുവരെ ലൈബ്രറി കൌൺസിലിലേക്ക് ഒടുക്കിയിട്ടില്ല.

10) വസ്തുനികുതി- സഞ്ചയ ഡി.സി.ബി. പത്രികപ്രകാരമുള്ള തുകയും എ.എഫ്.എസുമായി പൊരുത്തപ്പെടുന്നില്ല.

11) വാർഷികധനകാര്യപത്രിക I-18 Schedule പ്രകാരം വരവ് ഡിമാന്റിൽ ഭരണസമിതിയുടെ അനുമതി ലഭിക്കാതെ ചുവടെ ചേർക്കും പ്രകാരം മാറ്റംവരുത്തിയിരിക്കുന്നു.

Property Tax- Res - 29211/-

Property Tax- Non Res - 192376/-

Programme Expenses - 7363/-

12) NREGS- വരവ്, വാർഷികധനകാര്യപത്രികയും, ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

| | വാർഷിക ധനകാര്യപത്രിക പ്രകാരം | ക്യാഷ്ബുക്ക് പ്രകാരം |
|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് വരവ് | 1638383 | 1641383 |
| 100 Days ബോണസ് | 1619000 | 1618000 |
| EFMS വരവ് | 95027672 | 9473000 |

13) 100 Days ബോണസ് ഇനത്തിൽ വന്ന 16,19,000/- രൂപയിൽ 16,17,000/- മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ബാക്കി 2000/- രൂപ തിരികെ നല്കാനുള്ള ബാധ്യതയായി ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ആയത് തിരിച്ചടച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ടെങ്കിലും മറുപടി നൽകിയിട്ടില്ല.

14) NREGS അഡ്വാൻസ് തുക വാർഷികധനകാര്യപത്രികയും, NREGS അഡ്വാൻസ് രജിസ്റ്ററുമായി ചുവടെ ചേർക്കും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| | വാർഷിക ധനകാര്യപത്രിക പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| മുൻവർഷം നൽകിയതിൽ റീക്കൂപ്പ് ചെയ്യാനുണ്ടായിരുന്ന അഡ്വാൻസ് തുക | 884875 | 890995 |
| പഞ്ചായത്തിൽ നിന്ന് അഡ്വാൻസ് ഇനത്തിൽ നൽകിയ തുക | 1541980 | 1620277 |
| അഡ്വാൻസ് റീക്കൂപ്പ് ചെയ്തത് | 0 | 1917672 |
| റീക്കൂപ്പ് ചെയ്യാൻ അവശേഷിക്കുന്നത് | 593380 | 593600 |

15) അസി.എൻജിനീയർ ലഭ്യമാക്കിയ സ്റ്റേറ്റ്മന്റ് പ്രകാരം ടെണ്ടർ ഫോറം വിലയിനത്തിൽ ലഭിച്ച തുക 6,59,066/- രൂപയാണ്. എന്നാൽ വാർഷികധനകാര്യപത്രിക പ്രകാരം ഈ ഇനത്തിലെ വരവ് 6,57,576/- രൂപയാണ്.

16) TSC വിഹിതം വരവ് - Income & Expenditure Statement (I6)- പ്രകാരം -15,59,858/- രൂപയും, RP-31 പ്രകാരം 13,74,613/- രൂപയുമാണ്. വ്യത്യാസം വന്നതിനുള്ള കാരണം വിശദമാക്കിയിട്ടില്ല.
17) RP-31 പ്രകാരമുള്ള വരവുകൾ ലഭിച്ചതിന്റെ കൃത്യമായ രേഖകൾ ലഭ്യമാക്കാത്തതിനാൽ ആയതിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

ബി) വി.ഇ.ഒ.യുടെ പേരിലുള്ള അക്കൌണ്ടിലെ തുക തിരിച്ചടയ്ക്കേണ്ടതാണ്

ഇ.എം.എസ് സമ്പൂർണ്ണഭവനപദ്ധതിക്കായി കള്ളിക്കാട് സർവ്വീസ് സഹകരണബാങ്കിലുള്ള അക്കൌണ്ട് നം. 9803ന്റെ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 30.09.2021-ലെ നീക്കിയിരിപ്പ് 27,38,186/- രൂപയാണ്. എന്നാൽ പ്രസ്തുത അക്കൌണ്ട് വാർഷികധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത അക്കൌണ്ടിൽ നിന്ന് അവസാനം തുക പിൻവലിച്ചിരിക്കുന്നത് 20.09.2017 നാണ് (7500/- രൂപ ക്യാഷായി പിൻവലിച്ചിരിക്കുന്നു). അക്കൌണ്ടിൽ നിന്നും തുക ലഭിച്ചതിന്റേയും, പിൻവലിച്ചതിന്റേയും കൃത്യമായ കണക്ക് ലഭ്യമാക്കേണ്ടതും, ഉപയോഗിക്കാതെ അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുക തിരികെ സർക്കാരിൽ ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | പഞ്ചായത്തിന് നേരിട്ട് അനുവദിച്ച തുക | മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവ് | ചെലവ് (A.C.R പ്രകാരം) | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 13641676 | 13641676 | 13641676 | 0 | 100 |
| വികസനഫണ്ട് SCP | 0 | 2101373 | 2101373 | 1576515 | 524858 | 75 |
| വികസനഫണ്ട് TSP | | 1437079 | 1437079 | 1423808 | 13271 | 99 |
| മെയിന്റനൻസ്ഫണ്ട്-നോൺറോഡ് | 0 | 4275314 | 4275314 | 4275314 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്ഫണ്ട്-റോഡ് | 0 | 26139000 | 26139000 | 26137462 | 1538 | 99 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ റൈറ്റഡ് ഗ്രാന്റ് | 0 | 5960000 | 5960000 | 1404794 | 4555206 | 24 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അൺറൈറ്റഡ് ഗ്രാന്റ് | 0 | 10255681 | 10255681 | 7955625 | 2300056 | 78 |

## 1-3-1 ഗ്രാന്റ് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് സ്റ്റേറ്റ്മെന്റും ACR ഉം വാർഷിക ധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് |
|---|---|---|
| വികസന ഫണ്ട് (ജനറൽ ) | 15333775 | 13641676 |
| വികസന ഫണ്ട് (SCP ) | 1583828 | 1576515 |
| വികസന ഫണ്ട് (TSP ) | 1467768 | 1423808 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം ) | 4319000 | 4275314 |
| മെയിന്റനൻസ് ഫണ്ട് (റോഡ് ) | 26137462 | 26137462 |

ചെലവ് സംബന്ധിച്ചുള്ള പൊരുത്തക്കേടിനു കാരണം വിശദീകരിച്ചിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 5നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല). അടിയന്തരമായി പൊരുത്തക്കേട് പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-3-2 വനിതാ ഘടക പദ്ധതികൾക്കായി തുക ചെലവഴിച്ചതിൽ കുറവ്

2020-21 സാമ്പത്തിക വർഷം വനിതാ ഘടക പദ്ധതികൾക്കായി വകയിരുത്തിയ തുകയിൽ 25% തുക മാത്രമേ ചെലവഴിച്ചിട്ടുള്ളു. 86,02,313/- രൂപയാണ് പ്രസ്തുത വർഷം ആകെ വകയിരുത്തിയിട്ടുള്ളത്. ഇതിൽ 21,81,344/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വനിതാ ഘടക പദ്ധതികൾക്കായി തുക ചെലവഴിക്കുന്നതിൽ കുറവ് വന്നതിനു കാരണം അറിയിക്കണമെന്ന് ഓഡിറ്റ് എൻക്വയറി നം.5 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിനു മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നത് ഗ്രാമപഞ്ചായത്തിലെ പദ്ധതി നടത്തിപ്പിലെ അപാകതയാണ് സൂചിപ്പിക്കുന്നത്. ഭരണസമിതി പ്രസ്തുത വിഷയത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (ഗുണഭോക്തൃവിഹിതം ഉൾപ്പെടാതെ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 228 | 97552037 | 193 | 62691112 | 35 | 85% |

തൻവർഷം ചുവടെ ചേർത്തിരിക്കുന്ന നിർവ്വഹണോദ്യോഗസ്ഥർ വകയിരുത്തിയ തുകയിൽ(ഗ്ര.വി. ഒഴികെ) 50% ൽ താഴെ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

| നിർവ്വഹണോദ്യോഗസ്ഥർ | ചെലവ് ശതമാനം | വിശദീകരണം |
|---|---|---|
| കൃഷി ഓഫീസർ | 47% | ഗുണഭോക്തൃവിഹിതമുള്ള പദ്ധതിയ്ക്ക് (പ്രോജ നം.240/2021) ഗുണഭോക്താക്കൾക്ക് വിഹിതം അടയ്ക്കാനുള്ള ബുദ്ധിമുട്ടുള്ളതിനാലും, കേദാരം പദ്ധതിയിലെ ആരും തൻവർഷം നെൽകൃഷി ചെയ്യാത്തതിനാലും, തരിശ്ശുഭൂമി കൃഷി പദ്ധതിയിൽ ഗുണഭോക്താക്കൾ കുറവായതിനാലുമാണ് ചെലവ് വിഹിതം കുറവ് വന്നതെന്നാണ് വിശദീകരണം |
| വി.ഇ.ഒ – എ സർക്കിൾ | 12% | മറുപടി ലഭ്യമാക്കിയിട്ടില്ല |

## 1-5 ക്ഷേമപദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 61,440/- | 87 |
| കർഷക തൊഴിലാളി പെൻഷൻ | 34,13,400/- | 269 |
| വിധവ പെൻഷൻ | 1,31,89,500/- | 927 |
| വാർദ്ധക്യകാല പെൻഷൻ | 1,62,42,600/- | 1467 |
| വികലാംഗ പെൻഷൻ | 36,48,700/- | 256 |
| വിവാഹ ധന സഹായം | 60,000/- | 02 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1,66,800/- | 14 |

## 1-6 പണം നീക്കിയിരിപ്പ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.02.2022 തീയതി ഉച്ചയ്ക്കുശേഷം 12.16 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 25,450/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

കോവിഡ് പശ്ചാത്തലത്തിൽ ഒരു പ്രാവശ്യം മാത്രമെ ഗ്രാമസഭ കൂടിയിട്ടുള്ളൂ. ഓഫിസ് ഭരണസംവിധാനം പ്രവർത്തനക്ഷമമാണെങ്കിലും, മെച്ചപ്പെട്ട സേവനങ്ങൾ സമയബന്ധിതമായി പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിന് സുതാര്യവും നീതിയുക്തവുമായ പ്രവർത്തനങ്ങൾ ക്ക് പ്രാമുഖ്യം നൽകേണ്ടതുണ്ട്.

- ഓഫീസ് ജോലി വിഭജന പ്രകാരം കൃത്യമായി ജോലികൾ തീർക്കുന്നതിൽ കൂടുതൽ ജാഗ്രതപുലർത്തേണ്ടതുണ്ട്.
- തനത് വരവ് പിരിച്ചെടുക്കുന്നതിൽ ധാരാളം പോരായ്മകൾ നിലനിൽക്കുന്നു. പുതിയ വരുമാനങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്.
  സഞ്ചയ സോഫ്റ്റ്‌വെയറിൽ പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങളും ഉൾപ്പെടുത്തി ഡെയ്ഞ്ചേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
  പദ്ധതി നടത്തിപ്പ് അവലോകന പ്രകാരം പദ്ധതിപ്പണം കൃത്യമായും ഫലപ്രദമായും നടപ്പാക്കുന്നതിനായി കൂടുതൽ ശ്രദ്ധ ആവശ്യമാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം മെച്ചപ്പെടേണ്ടതുണ്ട്. ഓരോ പ്രോജക്റ്റിന്റെയും അന്തിമഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതിയായി മാറേണ്ടതുണ്ട്. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം സ്റ്റാൻഡിംഗ് കമ്മിറ്റികൾ വിലയിരുത്തേണ്ടതുണ്ട്.

## 1-8 ലൈസൻസ് അപേക്ഷയോടൊപ്പമുള്ള അന്വേഷണ റിപ്പോർട്ട് ഫലപ്രദമല്ല

2020-21 സാമ്പത്തിക വർഷത്തേയ്ക്ക് ഫാക്ടറി വ്യാപാര ലൈസൻസ് എടുക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകളോടൊപ്പമുള്ള അന്വേഷണ റിപ്പോർട്ടുകളിൽ പൂർണമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. മിക്കവാറും അന്വേഷണ റിപ്പോർട്ടുകളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന വാർഡുകളുടെ പേര് മാത്രമാണുള്ളത്. ചില അപേക്ഷകളോടൊപ്പം അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ നമ്പർ, കെട്ടിടങ്ങളുടെ തരം (ഉപയോഗക്രമം), അപേക്ഷകളിൽ പറഞ്ഞിട്ടുള്ള കച്ചവടം തന്നെയാണോ ചെയ്യുന്നത്, കുതിരശ്ശക്തിയുള്ള യന്ത്രങ്ങൾ ഉപയോഗിക്കുന്നുണ്ടോ തുടങ്ങിയ വിവരങ്ങൾ അന്വേഷണ റിപ്പോർട്ടുകളിൽ

ഉൾപ്പെടുത്തേണ്ടതാണ്. ഫർണിച്ചർ നിർമ്മാണം, വെൽഡിംഗ് വർക്സ്, ഹോളോബ്രിക്സ് നിർമ്മാണം, സാമിൽ, ഫ്ലവർമിൽ, ലെയ്ത്ത് വർക്സ് മുതലായ സ്ഥാപനങ്ങളുടെ ലൈസൻസിനുള്ള അന്വേഷണ റിപ്പോർട്ടുകളിൽ യന്ത്രങ്ങളുടെ കുതിരശ്ശക്തി സംബന്ധിച്ച വിവരവും കൂടി ഉൾപ്പെടുത്തേണ്ടതാണ്. അന്വേഷണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നുള്ള ഇത്തരം ജാഗ്രതക്കുറവ് തനത് ഫണ്ടിലേയ്ക്കുള്ള വരുമാന നഷ്ടത്തിനു കാരണമാകുന്നു.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 2/5-2-22) യന്ത്ര സാമഗ്രികളുടെ പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ലൈസൻസ് ഫീ ഈടാക്കുന്നതിൽ കൃത്യത ഉറപ്പാക്കുന്നതിനും മാനദണ്ഡങ്ങൾ പാലിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-9 ലൈസൻസ് നൽകൽ കാര്യക്ഷമമല്ല

ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 104 സ്ഥാപനങ്ങൾ/കടകൾ മാത്രമാണ് 2020-21 സാമ്പത്തിക വർഷത്തേയ്ക്ക് ലൈസൻസ് എടുത്തിട്ടുള്ളത്. എന്നാൽ സഞ്ചയയിലെ കണക്കുകളനുസരിച്ച് 13 വാർഡുകളിലായി 750 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ നിലവിലുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232, 233 പ്രകാരവും 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരവും ഏതൊരു വ്യാപാരസ്ഥാപനവും ആരംഭിക്കുന്നതിനു മുമ്പ് ലൈസൻസിനായി അപേക്ഷിക്കേണ്ടതും ചട്ടം 10 പ്രകാരം ലൈസൻസ് ഓരോ വർഷവും പുതുക്കേണ്ടതുമാണ്.

ലൈസൻസ് ഫീസ് ഇനത്തിൽ സമാഹരിക്കുന്ന തുക തനതു ഫണ്ടിലേയ്ക്കുള്ള പ്രധാന വരുമാന സ്രോതസ്സായതിനാലും ലൈസൻസ് നൽകുകയെന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും കൂടാതെ ഈ ഗണത്തിൽപ്പെട്ട സ്ഥാപനങ്ങൾ പൊതുജനങ്ങളുടെ ജീവനേയും സ്വത്തിനേയും നേരിട്ടു ബാധിക്കുന്നവയായതിനാലും ഇക്കാര്യത്തിൽ ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അടിയന്തര ശ്രദ്ധ പതിയേണ്ടതാണ്.

ഇതു സംബന്ധിച്ച് 05.02.2022 ൽ 02 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മിക്ക കെട്ടിടങ്ങളും പ്രവർത്തന രഹിതമാണെന്നു വ്യക്തമാക്കിയിട്ടുണ്ട്.
ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ലൈസൻസില്ലാതെ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 റസിഡൻഷ്യൽ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന് ഫാക്ടറി വ്യാപാര ലൈസൻസ് നൽകി

2020-21 സാമ്പത്തിക വർഷത്തേയ്ക്ക് ഫാക്ടറി വ്യാപാര ലൈസൻസ് എടുക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ പരിശോധനയിൽ വാസഗൃഹ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന് ഫാക്ടറി വ്യാപാര ലൈസൻസ് അനുവദിച്ചതായി കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അപേക്ഷയിലെ ഫ്രണ്ട് ഓഫീസ് തപാൽ നമ്പരും തീയതിയും | A5-1606/20<br>03.06.2020 |
| കെട്ടിട നമ്പർ | KP 13/474 |
| സ്ഥാപനത്തിന്റെ പേര് | ഗൗരികൃഷ്ണ കുടിവെള്ള ബോട്ടിൽ കട |
| ലൈസൻസ് നമ്പരും തീയതിയും | എ5/1095/2020 – 1606/2020-21 തീയതി: 03.07.2020 |
| ഈടാക്കിയ ലൈസൻസ് ഫീസും രസീത് നമ്പരും തീയതിയും | 500/- + 10/-<br>120020100392 തീയതി: 03.07.2020 |

പാർപ്പിടാവശ്യത്തിനുവേണ്ടി നിർമ്മിച്ച കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റാതെ ഫാക്ടറി വ്യാപാര ലൈസൻസ് അനുവദിച്ചത് ക്രമ വിരുദ്ധമായ നടപടിയാണ്. ഉപയോഗക്രമം വാണിജ്യാവശ്യത്തിലേയ്ക്ക് മാറ്റാതെ ലൈസൻസ് അനുവദിച്ചതു വഴി വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ലൈസൻസിനുവേണ്ടിയുള്ള അപേക്ഷയോടൊപ്പം അന്വേഷണ റിപ്പോർട്ടോ പഞ്ചായത്ത് സെക്രട്ടറിയുടെ തീരുമാനമോ സാക്ഷ്യപ്പെടുത്തലോ ഉൾപ്പെടുത്തിയിട്ടില്ല. ഇത് പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ അനാസ്ഥയായി ഓഡിറ്റ് വിലയിരുത്തുന്നു.

ഇതു സംബന്ധിച്ച് 05.02.2022 ൽ 02 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഒക്യുപൻസി മാറ്റം വരുത്തുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ ഉപയോഗക്രമം എത്രയും പെട്ടെന്നു തന്നെ വാണിജ്യാവശ്യത്തിലേയ്ക്ക് മാറ്റി വസ്തു നികുതി പുതുക്കി നിശ്ചയിച്ച് നികുതിയിനത്തിൽ ലഭിക്കേണ്ട തുക ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-11 റേഷൻ കടകളിൽനിന്ന് തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല

റേഷൻ കടകളിൽനിന്നും 2020-2021 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുക്കുകയോ, അവയ്ക്ക് ഫാക്ടറി-വ്യാപാര ലൈസൻസ് നൽകുകയോ ചെയ്തിട്ടില്ല. ഇത് തനതുഫണ്ടിന്റെ വരുമാന ശോഷണത്തിനു കാരണമാകുന്നു. ഓഡിറ്റിനു ഹാജരാക്കിയ ലൈസൻസ് രജിസ്റ്ററിൽ റേഷൻ കടകൾ ഉൾപ്പെട്ടിട്ടില്ല. കേരള സംസ്ഥാന സിവിൽ സപ്ലൈസ് കമ്മീഷണറുടെ 21.01.2019 ലെ (CS)A9-764/19 നം. ഉത്തരവു പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ, 1996-ലെ കേരള പഞ്ചായത്ത്‌രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-I, ക്രമ നം. 149, 150 പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് അനിവാര്യവുമാണ്.

ഇതു സംബന്ധിച്ച് 05.02.2022 തീയതിയിൽ 02 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് "ഹൈക്കോടതി ഉത്തരവ് പ്രകാരം റേഷൻ കടയ്ക്ക് മേൽ ലൈസൻസ് ചുമത്താനുള്ള അധികാരം പഞ്ചായത്തുകൾക്കില്ല എന്ന വിവരം റേഷൻ കടകൾ ബോധിപ്പിച്ചിട്ടുള്ളതാണെന്ന്" മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കുവാൻ തയ്യാറാകുന്നില്ലെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വ്യാപാരികളുടെ ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കുമ്പോൾ റേഷൻ കടകളുടെ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതും കൃത്യമായ ഡിമാന്റ് നോട്ടീസിലൂടെ തൊഴിൽ നികുതിയിനത്തിലും ലൈസൻസ് ഫീസിനത്തിലും ലഭിക്കേണ്ട വരുമാനം ഉറപ്പുവരുത്തേണ്ടതുമാണ്.
ഡിമാൻറ് ചെയ്തിട്ടും ഒടുക്കാത്തവർക്കെതിരെ പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല

2020-2021 സാമ്പത്തിക വർഷം സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ലാത്തതിനാൽ തനതുഫണ്ടിന് വരുമാന നഷ്ടം ഉണ്ടായിച്ചുണ്ട്. പുലരി ഹോമിയോ ക്ലിനിക് കള്ളിക്കാട്, അഭിനിധി ഹോസ്പിറ്റൽ കള്ളിക്കാട്, വൃന്ദ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ കെയർ എന്നീ സ്ഥാപനങ്ങളാണ് ഇത്തരത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

1997 ലെ കേരള പഞ്ചായത്ത്‌രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം ഒരു പഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ലെന്നും ചട്ടം 5(1) പ്രകാരം ഒരു ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റേയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പായി പുതുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച് 11.02.2022 ൽ 30-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയോ ഉപോദ്ബലകമായ രേഖകളോ ലഭ്യമാക്കിയില്ല.പഞ്ചായത്ത് പ്രദേശത്ത് അനധികൃതമായി പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക ഉൾപ്പെടെ രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല

വിവിധ വാർഡുകളിലെ വ്യാപാരികൾക്ക് 2020-2021 സാമ്പത്തിക വർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ നിർദ്ദിഷ്ട രീതിയിലുള്ള ഡിമാന്റ് നോട്ടീസിന്റെ/ബില്ലിന്റെ ഡ്യൂപ്ലിക്കേറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 09.02.2022 ൽ 12-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയിലൂടെ ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും പ്രസ്തുത രേഖകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ വ്യാപാരികൾക്ക് 2020-2021 സാമ്പത്തിക വർഷം ഇത്തരത്തിലുള്ള ഡിമാന്റ് നോട്ടീസ്/ബില്ല് നൽകിയിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇതിന്റെ ഡ്യൂപ്ലിക്കേറ്റിൽ കൈപ്പറ്റിയ വ്യക്തിയുടെ ഒപ്പും തീയതിയും നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 10(1) പ്രകാരം തൊഴിൽ നികുതി ഈടാക്കാവുന്ന വരുമാനം/ടേൺ ഓവർ കാണിക്കുന്ന റിട്ടേൺ സമർപ്പിക്കുവാൻ വ്യക്തികൾ/വ്യാപാരികൾ /കമ്പനികൾക്ക് നോട്ടീസ് നൽകേണ്ടതാണ്. ചട്ടം. 18(1) പ്രകാരം തൊഴിൽ നികുതിയായി നിശ്ചയിക്കപ്പെട്ട തുക ഡിമാന്റ് ചെയ്യേണ്ടതാണ്. തൊഴിൽ നികുതി ചട്ടങ്ങൾ നിഷ്കർഷിക്കും പ്രകാരമുള്ള ഡിമാന്റ് ചെയ്യലിന്റെ അഭാവം നിമിത്തം നികുതി വരുമാനം ലഭിക്കാത്തതോ കുറയുന്നതോ കാലഹരണപ്പെടുന്നതോ ആയ സ്ഥിതിവിശേഷം സംജാതമായാൽ അത്തരത്തിലുണ്ടാകുന്ന വരുമാന നഷ്ടങ്ങളുടെ ബാദ്ധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ

നിക്ഷിപ്തമായിരിക്കും.

## 1-14 സ്ഥാപന നികുതി പിരിച്ചെടുത്തിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2020-2021 സാമ്പത്തിക വർഷത്തെ വരവു സംബന്ധമായ രേഖകളുടെ പരിശോധനയിൽ ചില ബാങ്കിംഗ്/ധനകാര്യ സ്ഥാപനങ്ങൾ, കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും തൻവർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) സ്ഥാപന നികുതി ഈടാക്കിയിട്ടില്ല. മുൻകാല ലൈസൻസ് രജിസ്റ്ററിൽ ഈ സ്ഥാപനങ്ങളുടെ പേര് ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ ഇതിൽ ചില സ്ഥാപനങ്ങളിൽ നിന്നും പഞ്ചായത്ത് വിവിധ ആവശ്യങ്ങൾക്കായി സാധനങ്ങളും സേവനങ്ങളും (വൗച്ചറുകളുടെ പരിശോധന) പ്രയോജനപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

1. ദേവി ഡിജിറ്റൽ സ്റ്റുഡിയോ, കള്ളിക്കാട്, മൈലക്കര പി ഒ

2. എ എസ് കാറ്ററിംഗ്, മൂഴി, മൈലക്കര പി ഒ

3. ദാസ് സൗണ്ട്സ്, മൈലക്കര

4. ശിവശക്തി മെഡിക്കൽസ്, കള്ളിക്കാട്

5. വാരിയം സ്റ്റോഴ്സ്, കള്ളിക്കാട്, മൈലക്കര പി ഒ

6. ആനന്ദ് മെറ്റൽസ് & ഗിഫ്റ്റ് സെന്റർ, കള്ളിക്കാട്, മൈലക്കര പി ഒ

7. കദളി കാറ്ററിംഗ് സർവ്വീസ്, മങ്കാരമൂട്ടം, മൈലക്കര പി ഒ

8. മേക്കതിൽ ടെക്സ്റ്റൈയിൽസ്, കള്ളിക്കാട്, മൈലക്കര പി ഒ

9. സോൾമേറ്റ് വെഡ്ഡിംഗ് സ്റ്റുഡിയോ, ചെക്ക്പോസ്റ്റിനു സമീപം, കള്ളിക്കാട്

10. കെ പി പ്രൊവിഷൻ സ്റ്റോർ, പെരുംകുളങ്ങര

11. പി എസ് ആട്ടോമൊബൈൽസ്, കള്ളിക്കാട്

12. നെയ്യാർ ഓയിൽ & ഫ്ലവർ മിൽ

13. ഓം ലോട്ടസ് യോഗ ഫുഡ്സ് സെയിൽസ് & സർവ്വീസസ്

ഇതു സംബന്ധിച്ച് 09.02.2022 തീയതിയിൽ 12 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു മറുപടിയോ നികുതി ഒടുക്കിയതിന്റെ രേഖകളോ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പ്രസ്താവിച്ച സ്ഥാപന നികുതി ഈയാക്കിയിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സ്ഥാപന നികുതി പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-15 ലോഗ് ബുക്ക് സൂക്ഷിച്ചിട്ടില്ല

വ്ളാവെട്ടി ഗവ. ട്രൈബൽ എൽ.പി.എസ്, ദൈനം ദിന ചെലവുകൾ പദ്ധതി പ്രകാരം കരുണ ഫ്യുവൽസ് എന്ന സ്ഥാപനത്തിന് 41,617/- രൂപ വിവിധ തീയതികളിൽ സ്കൂൾ ബസിനു ഇന്ധനം നിറച്ച വകയിൽ നൽകിയിട്ടുണ്ട് (ബിൽ നം . 1141/09-02-2022 ). വാഹനത്തിന്റെ ലോഗ് ബുക്കും അതാത് ദിവസം ഇന്ധനം നിറച്ചതിന്റെ ബില്ലുകളും പരിശോധനയ്ക്കായി ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം.15 വഴി ആവശ്യപ്പെട്ടിരുന്നെങ്കിലും നിലവിൽ സ്കൂൾ ബസിനു ലോഗ് ബുക്ക് സൂക്ഷിക്കുന്നില്ല എന്ന മറുപടിയാണ് നൽകിയത്. കേരള ഫിനാൻഷ്യൽ കോഡ് വോളിയം I , ആർട്ടിക്കിൾ 323 പ്രകാരം വാഹനത്തിന്റെ കസ്റ്റോഡിയൻ ആയിട്ടുള്ള ഉദ്യോഗസ്ഥൻ ഫോം 48 , 48 A , 48 B മാതൃകയിൽ ലോഗ്ബുക്കിൽ വാഹനസംബന്ധവും യാത്ര സംബന്ധവുമായ രേഖപ്പെടുത്തലുകൾ നടത്തി പരിപാലിക്കേണ്ടതുണ്ട്. വാഹനത്തിനു ഇന്ധനം നിറച്ചതിന്റെ തുക പ്രസ്തുത ലോഗ് ബുക്ക് പരിശോധിച്ച് ഔദ്യോഗിക യാത്രകൾക്ക് വേണ്ടി മാത്രമാണ് ഈ വാഹനം ഉപയോഗിച്ചിട്ടുള്ളതെന്നും നിറച്ച ഇന്ധനത്തിന്റെ അളവ് കൃത്യമായി രേഖപെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയും വേണം നൽകാൻ. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. ലോഗ് ബുക്കും ഇന്ധനം നിറച്ചതിന്റെ അതാത് ദിനങ്ങളിലെ ബില്ലും പരിശോധനയ്ക്ക് ഹാജരാക്കാത്ത സാഹചര്യത്തിൽ ഇന്ധനത്തിനായി ചെലവാക്കിയ തുകയുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല. വാഹനത്തിന്റെ ലോഗ്ബുക്ക് കൃത്യമായി രേഖപ്പെടുത്തി പരിപാലിക്കേണ്ടതാണ്.

## 1-16 യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിലുള്ള ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

2020-21 സാമ്പത്തിക വർഷത്തേയ്ക്ക് ഫാക്ടറി വ്യാപാര ലൈസൻസ് എടുക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ പരിശോധനയിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിലും വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന

യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് ഈടാക്കാത്തതായി കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകരുടെ പേരും മേൽവിലാസവും | ഫ്രണ്ട് ഓഫീസ് തപാൽ നമ്പരും തീയതിയും | സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന വൈദ്യുത യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട ഫീസ് (രൂപ) |
|---|---|---|---|---|
| സീന കെ പി<br>പ്രസി ഭവൻ,<br>മൈലക്കര പി.ഒ<br>KP 11/53A | A5-727/20<br>29.02.2020 | ആത്മ ഗ്രൂപ്പ് കറിക്കൂട്ട് നിർമ്മാണം | 02 HP | 50/- |
| സിനോദ് എബ്രഹാം<br>മുപ്പാശ്ശേരി, തേക്കുപാറ പി.ഒ<br>KP 13/639 | A5-1631/20<br>03.06.2020 | ആബ സ്പെയർ പാർട്സ്, വെഹിക്കിൾ സർവ്വീസിംഗ് & എഞ്ചിനീയറിംഗ് വർക്ക്സ് | 15 HP | 200/- |
| ഷാജഹാൻ ഇ & ഷാമില എസ്<br>ലിയ മൻസിൽ, ബാലരാമപുരം<br>KP 1/338 | A5-1106/20<br>27.04.2020 | ലിയ സാമിൽ | 43 HP | 500/- |
| വി. സെൽവരാജ്<br>രാജ് ഭവൻ, കൊല്ലകോണം, ആമച്ചൽ പി.ഒ KP 13/54, 55 | A5-1994/20<br>30.06.2020 | റോസ് പ്രസ്സ് | 01 HP | 10/- |
| സാവിത്രി സി<br>ഹരി ഭവൻ, നിരപ്പുകാല, പന്ത പി.ഒ KP 12/306 | A5-1875/20<br>22.06.2020 | ശക്തിശ്രീ ന്യൂടിമിക്സ് യൂണിറ്റ്, ആഴാംകാൽ | 12 HP | 200/- |
| സോമൻ പി<br>ഗീതു ഭവൻ, ദൈവപ്പുര, കരുംകുളം, പന്ത പി.ഒ KP 6/58A, 337 | A5-565/21<br>27.02.2021 | തമ്പുരാൻ ഹോളോബ്രിക്സ് | 12 HP | 200/- |

| | |
|---|---|
| ആകെ | 1160/- |

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടങ്ങൾ 18,19 പട്ടിക III എന്നിവ പ്രകാരം മേൽ സൂചിപ്പിച്ചിട്ടുള്ള നിരക്കുകളിൽ യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെട്ട ഫീസ് ഈടാക്കേണ്ടതായിരുന്നു. ആയതിനാൽ ഈ ഇനത്തിൽ തനതു ഫണ്ടിന് 1160/-രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ഈ രീതിയിലുള്ള വരുമാന നഷ്ടം പഞ്ചായത്തിനുണ്ടായത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ജാഗ്രക്കുറവായി ഓഡിറ്റ് വിലയിരുത്തുന്നു. നഷ്ടതുക 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 243(3) നിഷ്കർഷിക്കും പ്രകാരം ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും സെക്ഷൻ ജോലികൾ ചെയ്ത ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഇതു സംബന്ധിച്ച് 05.02.2022 ൽ 02 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് യന്ത്രങ്ങളുയെ ഫീസ് ലൈസൻസ് പുതുക്കുന്ന വർഷം കുടിശ്ശികയായി ഈടാക്കുന്നതാണെന്ന മറുപടി നൽകിയിട്ടുണ്ട്.

## 1-17 മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 07, പട്ടിക II (31.10.2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം പുതുക്കിയത്) നിഷ്കർഷിക്കും പ്രകാരം വ്യാപാര സ്ഥാപനങ്ങളെ മേഖലാടിസ്ഥാനത്തിൽ തരംതിരിച്ച് അവയുടെ മൂലധന നിക്ഷേപത്തിനനുസൃതമായി വാർഷിക ലൈസൻസ് ഫീ നിശ്ചയിക്കുകയോ ആയത് പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. ഫാക്ടറി വ്യാപാര ലൈസൻസ് എടുക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ വിറ്റുവരവ്, മൂലധന ചെലവ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ ഏതു മാനദണ്ഡ പ്രകാരമാണ് ലൈസൻസ് ഫീസ് ഈടാക്കിയതെന്ന് വ്യക്തമല്ല.

ഇതു സംബന്ധിച്ച് 05.02.2022 ൽ 02 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മൂലധന തുകയുടെയും വിറ്റുവരവിന്റെയും അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ ഈടാക്കുന്നതാണെന്ന മറുപടി അംഗീകരിക്കുവാൻ കഴിയില്ല. ലൈസൻസ് ഫീ ഈടാക്കുന്നതിൽ കൃത്യത ഉറപ്പാക്കുന്നതിനും മാനദണ്ഡങ്ങൾ പാലിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2020-2021 സാമ്പത്തിക വർഷത്തെ വരവു സംബന്ധമായ രേഖകളുടെ പരിശോധനയിൽ ചില ബാങ്കിംഗ്/ധനകാര്യ സ്ഥാപനങ്ങൾ, കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും തൻവർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) സ്ഥാപന നികുതിയും ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. ഇത്തരം സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

1. ക്ഷീരോല്പാദക സഹകരണ സംഘം, വാവോട്

2. ഫിഷറീസ് സഹകരണ സംഘം, മൈലക്കര

3. അഭിനിധി ഹോസ്പിറ്റൽ

4. കള്ളിക്കാട് റബ്ബർ ഉല്പാദക സഹകരണ സംഘം, ക്ലിപ്തം നം. റ്റി 910/87

5. പുലരി ഹോമിയോ ആശുപത്രി, കള്ളിക്കാട്

6. ജി എസ് എൻ കൺവെൻഷൻ സെന്റർ

7. ബയോവേദ ഹിൽ റിസോർട്ട്

തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഒടുക്കുന്നതിന് വീഴ്ച വരുത്തിയ സ്ഥാപനങ്ങളുടെ മേൽ കേരള പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 204, 205 എന്നിവയും 1996 ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 3, 13 എന്നിവയും നിഷ്കർഷിക്കും പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു (നമ്പർ 12/09.02.2022) മറുപടിയോ പ്രസ്തുത നികുതികൾ ഒടുക്കിയതിന്റെ രേഖകളോ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത നികുതികൾ പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-19 ജീവനക്കാരുടെ വിവരം സ്ഥാപനം വെളിപ്പെടുത്തിയിട്ടും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2020-2021 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഫാക്ടറി വ്യാപാര ലൈസൻസിനു വേണ്ടിയുള്ള അപേക്ഷയിൽ ചില സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് രേഖപ്പെടുത്തിയിട്ടും അത്തരം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി (രണ്ട് അർദ്ധ വർഷത്തെയും) ഈടാക്കിയിട്ടില്ല. ഇത് പഞ്ചായത്തിലെ നികുതി പിരിവ് കാര്യക്ഷമമായി നടക്കുന്നില്ല എന്നതിന് മകുടോദാഹരണമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനങ്ങളുടെ പേര് | ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം | അപേക്ഷയിലെ ഫ്രണ്ട് ഓഫീസ് തപാൽ നമ്പരും തീയതിയും |
|---|---|---|
| വസ്ത്ര – മാർ ക്രിസോസ്റ്റം എംബ്രോയിഡറി & ഗാർമെന്റ് യൂണിറ്റ്, KP VII/509 | 03 | A5-1273/20<br>13.05.2020 |
| സാറ ഇന്റർനാഷണൽ<br>(ഇംപോർട്ട് & എകസ്പോർട്ട്), KP XIII/659 | 02 | A5-1568/20<br>01.06.2020 |
| ആബ സ്പെയർ പാർട്സ് & വെഹിക്കിൾ സർവ്വീസ്, KP XIII/639 | 03 | A5-1631/20<br>03.06.2020 |
| കാശി ഏജൻസി, KP III/606, 607, 608 | 02 | A5-1764/20<br>12.06.2020 |
| ശ്രീ മുരുകൻ ടു വീലർ വർക്സ് & സർവ്വീസ് , KP XIII/574, 575 | 02 | A5-1802/20<br>15.06.2020 |
| ലിയ സാമിൽ, KP I/338 | 04 | A5-1106/20<br>27.04.2020 |
| ശക്തിശ്രീ ന്യൂട്രിമിക്സ് യൂണിറ്റ്, ആഴാംകാൽ, KP XII/306 | 05 | A5-1875/20<br>22.06.2020 |
| ഓം ലോട്ടസ് യോഗ ഗുഡ്സ് സെയിൽസ് & സർവ്വീസസ്, KP III/313 | 07 | A5-1799/20<br>15.06.2020 |
| അതിഥി ഫുഡ് സർവ്വീസ്, KP III/346 | 03 | A5-2379/20<br>24.08.2020 |
| CAFTLES India (Pvt) Ltd., കള്ളിക്കാട്, KP | 03 | A5-2891/20 |

| | | |
|---|---|---|
| XIII/486 | | 27.10.2020 |
| തമ്പുരാൻ ഹോളോബ്രിക്സ്, KP VI/58A, 337 | 02 | A5-565/21<br>27.01.2021 |

ഇത സംബന്ധിച്ച് 09.02.2022 തീയതിയിൽ 12 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക മറുപടിയോ നികുതി ഒടുക്കിയതിന്റെ രേഖകളോ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പ്രസ്താവിച്ച സ്ഥാപന നികുതി ഈയാക്കിയിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. തൊഴിൽ നികുതി പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-20 വിമുക്ത ഭടന്മാരായ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2020-2021 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധമായ അർദ്ധ വാർഷിക വരുമാന പത്രികകളുടെ പരിശോധനയിൽ വിമുക്ത ഭടന്മാരായ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി ഓഡിറ്റ് കണ്ടെത്തിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരുടെ പേരും ഉദ്യോഗപ്പേരും | സ്ഥാപനത്തിന്റെ പേര് | അർദ്ധ വാർഷിക വരുമാനം | ഏത് അർദ്ധ വർഷം എന്നത് | ഈടാക്കേണ്ട തൊഴിൽ നികുതി | അഭിപ്രായ കുറിപ്പ് |
|---|---|---|---|---|---|
| ശ്രീ. ഗോപിനാഥൻ പിള്ള (മെയിൽ വാർഡൻ) | KICMA | 60000/- | ഒന്നും രണ്ടും അർദ്ധ വർഷം | 600/- | |
| ശ്രീ.പ്രദ്യുമ്നൻ (സെക്യൂരിറ്റി) | KICMA | ------- | ഒന്നും രണ്ടും അർദ്ധ വർഷം | ------- | അർദ്ധ വാർഷിക വരുമാന പത്രികയിൽ പേര് ഉൾപ്പെട്ടിട്ടുണ്ടങ്കിലും വരുമാനം രേഖപ്പെടുത്തിയിട്ടില്ല. |

മേൽപ്രസ്താവിച്ച രണ്ടു ജീവനക്കാരുടേയും തൊഴിൽ നികുതി എത്രയും പെട്ടെന്ന് പിഴപ്പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി മാറുന്നതാണ്.

ഇത സംബന്ധിച്ച് 09.02.2022 തീയതിയിൽ 12 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ ഉപോദ്ബലകമായ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇതേ പരാമർശം ഉണ്ടായിരുന്നു. തനത് വരുമാനത്തിന്റെ പ്രധാന സ്രോതസ്സായ തൊഴിൽ നികുതി വരുമാനം യഥാസമയം ഡിമാന്റ് ചെയ്ത് കൃത്യമായി പിരിച്ചെടുക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-21 തൊഴിൽ നികുതി ഈടാക്കിയതിലെ കുറവു കാരണം വരുമാന നഷ്ടം

വിവിധ സ്ഥാപനങ്ങളിലെ/ഓഫീസുകളിലെ ജീവനക്കാരിൽ നിന്നും 2020-21 സാമ്പത്തിക വർഷം ഈടാക്കിയ തൊഴിൽ നികുതി നിർദ്ദിഷ്ട നിരക്കുകളേക്കാൾ കുറവാണെന്നു കാണുന്നു. അർദ്ധ വാർഷിക വരുമാനത്തിന് ആനുപാതികമായി ഈടാക്കിയ നികുതി "തൊഴിൽ നികുതി തിട്ടപ്പെടുത്തുന്നതിനുള്ള പട്ടിക"യിലെ നിരക്കുകളേക്കാൾ കുറവായതിനാൽ ഈയിനത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം പിഴപ്പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരുടെ പേരും തസ്തികയും | സ്ഥാപനം/ഓഫീസ് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | ഏത് അർദ്ധ വർഷത്തേയ്ക്ക് എന്നത് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ശ്രീ. സുരേഷ് കുമാർ (സ്റ്റാഫ്) | ശിവാനന്ദ യോഗ വേദാന്ത ധ്യാന കേന്ദ്രം | 129089 | 1000 | 1250 | IInd Half |
| ശ്രീ. അഭിജിത്ത്. റ്റി എസ് (അസി. പ്രിസൺ ഓഫീസർ) | തുറന്ന ജയിൽ, നെട്ടുകാൽത്തേരി | 47078 | 300 | 450 | Ist Half |

ഇത് സംബന്ധിച്ച് 09.02.2022 തീയതിയിൽ 12 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തനത് വരുമാനത്തിന്റെ പ്രധാന സ്രോതസ്സായ തൊഴിൽ നികുതി വരുമാനം യഥാസമയം ഡിമാന്റ് ചെയ്ത് കൃത്യമായി പിരിച്ചെടുക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച

തൊഴിൽ നികുതി സംബന്ധമായ രേഖകളുടെ പരിശോധനയിൽ കെ ഡബ്ല്യു എ പമ്പിംഗ് സ്റ്റേഷൻ കാളിപ്പാറ, സി. ഡി. എസ് കുടുംബശ്രീ എന്നീ ഓഫീസുകളിലെ ജീവനക്കാരിൽ നിന്നും 2020-2021 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുക്കാൻ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. കൂടാതെ ഗ്രാമപഞ്ചായത്തിലെ മാർക്കറ്റ് സ്വീപ്പർ ശ്രീ. ബാബുവിന്റെയും ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീ. ദിനിൽ കുമാറിന്റെയും 2020-2021 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല. തൊഴിൽ നികുതി ഒടുക്കുന്നതിന് വീഴ്ച വരുത്തിയ സ്ഥാപനത്തിന്റെ മേൽ കേരള പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 204, 205 എന്നിവയും 1996 ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 3, 13 എന്നിവയും നിഷ്കർഷിക്കും പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഇത് സംബന്ധിച്ച് 09.02.2022 തീയതിയിൽ 12 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ ഉപോദ്ബലകമായ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. സ്ഥാപന നികുതിയും തൊഴിൽ നികുതിയും പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-23 സുഭിക്ഷ കേരളം പദ്ധതി-നാമമാത്രമായചെലവ്-വകയിരുത്തിയ ഫണ്ട് നഷ്ടമായി.

ഭക്ഷ്യോൽപ്പാദന വർദ്ധനവിനുള്ള മഹായജ്ഞം ആയാണ് ജി.ഒ.(പി) 14/2020/ആ.സാ.വ തിയ്യതി, 18.05.20 നമ്പർ ഉത്തരവ് മാർഗ്ഗരേഖ പ്രകാരമുള്ള സുഭിക്ഷ കേരളം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ എത്തിക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. സ.ഉ(സാ.ധാ)928/2020/തസ്വഭവ, തിയ്യതി.20.05.2020 ഉത്തരവിൽ പരമാവധി വിഹിതം കണ്ടെത്തി കൃഷി അനുബന്ധ മേഖലകളിലെ സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്. എന്നാൽ 2020-21 ൽ 2 പദ്ധതികൾ ഏറ്റെടുത്തിരുന്നെങ്കിയും നാമമാത്രമായ തുക മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്.

1.പദ്ധതി നം 240/2021(സുഭിക്ഷ കേരളം-മണ്ണ് ജല സംരക്ഷണം)

അടങ്കൽ -500000/-(ധനകാര്യ കമ്മിഷൻ ഗ്രാന്റ്)

-125000/- (ഗുണഭോക്തൃ വിഹിതം)

ചെലവ് -90355/- (ധനകാര്യ കമ്മിഷൻ ഗ്രാന്റ്)

15895/-- (ഗുണഭോക്തൃ വിഹിതം)

ധനകാര്യ കമ്മിഷൻ ഗ്രാന്റ് 500000/-രൂപ വകയിരുത്തിയാണ് ഈ പദ്ധതി ഏറ്റെടുത്തിരിക്കുന്നത്.ജനറൽ വിഭാഗത്തിന് 80%എസ്.സി.വിഭാഗത്തിന് 90% എസ്.റ്റി.വിഭാഗത്തിന് 100% എന്ന രീതിയിലാണ് സബ്സിഡി.

ഓരോ വിഭാഗത്തിനും ലഭ്യമായ ആനുകൂല്യം സംബന്ധിക്കുന്ന വിവരം ചുവടെ ചേർക്കുന്നു.

| വിഭാഗം | ഗുണഭോക്താക്കളുടെ എണ്ണം | ആകെ യൂണിറ്റ് | ഗുണഭോക്തൃ വിഹിതം |
|---|---|---|---|
| ജനറൽ | 97 | 180 | 15300 |

| | | | |
|---|---|---|---|
| എസ്സ.സി | 12 | 14 | 595 |
| എസ്.റ്റി | 15 | 56 | ഇല്ല |
| ആകെ | 124 | 250 | 15895 |

ശ്രദ്ധയിൽപ്പെട്ട അപാകതകൾ

I,പദ്ധതിയുടെ തൻവർഷ ചെലവ് വെറും 18%മാത്രമാണ്. 5,00,000/-രൂപ വകയിരുത്തിയ ഈ പദ്ധതിയിൽ 90,355/-രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. വകയിരുത്തിയ തുകയിൽ 4,09,645/-രൂപ നഷ്ടമായി.

Ii,അപേക്ഷകൾ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

Iii,മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ചേർത്തിട്ടില്ല.

ഗുണഭോക്തൃ വിഹിതം അടയ്ക്കാൻ സന്നദ്ധരായവർ മാത്രമാണ് പദ്ധതി പ്രയോജനപ്പെയുത്തിയത് എന്നും ആയതിനാൽ ടി പദ്ധതി സ്പിൽ ഓവറാക്കി മാറ്റിയിട്ടില്ലെന്നും മറ്റ് അപാകതകൾ പരിഹരിച്ചുവെന്നും ഓഡിറ്റ് എൻക്വയറിക്ക്( നം8) മറുപടി നൽകിട്ടുണ്ട്.പദ്ധതി രൂപീകരണ വേളയിൽത്തന്നെ ശരിയായ പഠനം നടത്തേണ്ടതും ആയതിനനുസരിച്ച് ഫണ്ട് വകയിരുത്തേണ്ടതും ആയത് പാഴാകുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

2.പദ്ധതി നം 205/2021(സുഭിക്ഷ കേരളം-തരിശു ഭൂമി കൃഷി)

അടങ്കൽ -200000/-(വികസന ഫണ്ട്-ജനറൽ)

ചെലവ് -29280/ -(വികസന ഫണ്ട്-ജനറൽ)

ഒരു ഹെക്ടർ സ്ഥലത്ത് വാഴകൃഷി ചെയ്യുമ്പോൾ 35,000/-രൂപ സബ്സിഡി നൽകുന്നതാണ് പദ്ധതി.പാട്ടത്തിനാണ് കൃഷി ചെയ്യുന്നതെങ്കിൽ 32,000/-രൂപ കർഷകനും 3,000/-രൂപ ഉടമസ്ഥനും നൽകുന്നു. ഉടമസ്ഥനാണ് കൃഷി ചെയ്യുന്നതെങ്കിൽ 35,000/-രൂപ ഉടമസ്ഥനു തന്നെ നൽകുന്നു.

ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1.പദ്ധതിയുടെ തൻവർഷ ചെലവ് വെറും 15%മാത്രമാണ്. 2,00,000/-രൂപ വകയിരുത്തിയ ഈ പദ്ധതിയിൽ 29,280/-രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. വകയിരുത്തിയ തുകയിൽ 1,70,720/-രൂപ നഷ്ടമായി.

Ii,അപേക്ഷകൾ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

Iii,മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ചേർത്തിട്ടില്ല.

Iv.ആകെ 8 ഗുണഭോക്താക്കൾ മാത്രമാണ് പദ്ധതി പ്രയോജനപ്പെടുത്തിയിരിക്കുന്നത്.

തരിശുഭൂമി കൃഷി ചെയ്ത കർഷകർക്ക് മാത്രമാണ് സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയത്. കുറഞ്ഞത് 3 വർഷമെങ്കിലും തരിശ് കിടന്ന സ്ഥലത്ത് കൃഷിചെയ്താൽ മാത്രമെ ഈ ആനുകൂല്യം ലഭ്യമാകു എന്നുള്ളതിനാലാണ് ഈ പദ്ധതിയുടെ ചെലവ് 29,280/-മാത്രമായത് എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (നം.8) മറുപടിയായി കൃഷി ഓഫീസർ അറിയിച്ചത്. പദ്ധതി രൂപീകരണ വേളയിൽത്തന്നെ ശരിയായ പഠനം നടത്തേണ്ടതും ആയതിനനുസരിച്ച് ഫണ്ട് വകയിരുത്തേണ്ടതും ആയത് പാഴാകുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. പദ്ധതിയുമായി ബന്ധപ്പെട്ട് സൂചിപ്പിച്ചിട്ടുള്ള അപാകതകൾ ഭാവിയിൽ ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയങ്ങളിൽ പതിയേണ്ടതാണ്.

## 1-24 വൃദ്ധർക്ക് കട്ടിൽ-പ്രത്യേക ഘടക പദ്ധതി-എസ്.സി.സർട്ടിഫിക്കറ്റില്ലാതെ ആനുകൂല്യം നല്കി.

പദ്ധതി നം - 196/2021

അടങ്കൽ -1,66,000/-(എസ്.സി.പി.)

ചെലവ് -1,31,054/-

ബിൽ നം -17 Dtd.28.10.2020

നിർവഹണം -ഐ.സി.ഡി.എസ്.സൂപ്പർ വൈസർ.

60 വയസിന് മുകളിൽ പ്രായമുള്ള എസ്.സി.വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് മാർഗരേഖ അവലംബിക്കും പ്രകാരം കട്ടിൽ വാങ്ങി വിതരണം ചെയ്യുന്നതാണ് പദ്ധതി. പ്രസ്തുത പദ്ധതിപ്രകാരം 46 ഗുണഭോക്താക്കൾക്ക് കട്ടിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചപ്പോൾ

ആനുകൂല്യം കൈപ്പറ്റിയ 9 ഗുണഭോക്താക്കൾ എസ്.സി.സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ലാത്തതായി കണ്ടു. വിവരം ചുവടെ ചേർക്കുന്നു.

1.രവീന്ദ്രൻ.സി, പള്ളിവേട്ട

2.രാധ.കെ, താഴെമൺചരഞ്ഞവീട്.

3.പ്രഭാകരൻ, മേലേത്തട്ട് വീട് മുണ്ടവൻകുന്ന്.

4.സുശീല, മുണ്ടവൻകുന്ന് തടത്തരികത്തുവീട്.

5.ചന്ദ്രിക, റോഡരികത്തുവീട്, ദൈവപ്പുര, പന്ത

6.അംബിക, തോടരികത്തു പുത്തൻവീട്

7.യശോധ, വിഷ്ണുഭവൻ, പടപ്പറ

8.ഓമന, ആലക്കുഴി പുത്തൻവീട്.

9.ഗ്രേസി, ലക്ഷംവീട് ചാമവിളപുരം.

ശ്രദ്ധയിൽപ്പെട്ട അപാകതയ്ക്ക്/പരാമർശത്തിന് മറുപടി ലഭ്യമാക്കുവാൻ /രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (ഓഡിറ്റ് എൻക്വയറി നം 19).ആവശ്യപ്പെട്ട സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം ചേർത്ത് ലഭ്യമാക്കാം എന്ന് നിർവഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 02.02.2018ലെ സ.ഉ.(കൈ)17/2018ത.സ്വ.ഭ.വ പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക6-1ൽ1,5(ii)എന്നിവ പ്രകാരം പട്ടികജാതി ഉപപദ്ധതിവിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ല എന്ന് വ്യക്തമാക്കുന്നുണ്ട്. ആനുകൂല്യം കൈപ്പറ്റിയ മുഴുവൻ ഗുണഭോക്താക്കളും ബന്ധപ്പെട്ട വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ളവരാണെന്ന് നിർവഹണ ഉദ്യോഗസ്ഥ ഉറപ്പാക്കേണ്ടിയിരുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കി പദ്ധതി നിർവഹണം സുതാര്യമാക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 അംഗനവാടി പോഷകാഹാരം ന്യൂട്രിമിക്സിന്റെ ഗുണനിലവാരം പരിശോധിച്ച വിവരങ്ങൾ ലഭ്യമല്ല.

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതിയിൽ (നമ്പർ 24/21) 20 അംഗനവാടികൾക്കായി ശക്തി ന്യൂട്രിമിക്സ്, കാലാട്ടുകാവ്, കള്ളിക്കാട് എന്ന സ്ഥാപനത്തിൽ നിന്നാണ് അമൃതം ന്യൂട്രിമിക്സ് വാങ്ങിയിരിക്കുന്നത്. തൻവർഷം ലഭ്യമായ ന്യൂട്രിമിക്സിന്റെ വിവരം ചുവടെ ചേർക്കുന്നു.

| തീയതി | ലഭ്യമായ ന്യൂട്രിമിക്സിന്റെ അളവ് |
|---|---|
| 08.04.20 | 552kg |
| 05.05.20 | 591kg |
| 24.06.20 | 628kg |
| 07.07.20 | 618kg |
| 30.08.20 | 635kg |
| 07.10.20 | 650kg |
| 16.11.20 | 815kg |
| 22.12.20 | 850kg |
| 22.01.20 | 913g |

സാമൂഹ്യക്ഷേമ ഡയറക്ടറുടെ ലെറ്റർ നമ്പർ ഐ.സി.ഡി.എസ് ബി.3-312/2010, 18.12.2010 പ്രകാരം രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാൻ നിർദ്ദേശിക്കുന്നു. എന്നാൽ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയതു സംബന്ധിച്ച വിവരങ്ങൾ പ്രോജക്ട് ഫയലിൽ ലഭ്യമല്ല. 2020-21 കാലയളവിൽ അയച്ച സാമ്പിളുകളുടെ പരിശോധനാവിവരം ലഭ്യമായിട്ടില്ലായെന്ന് നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ഉടർ

വർഷങ്ങളിൽ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ-നിയമാനുസൃത ക്വട്ടേഷനുകൾ സ്വീകരിക്കാതെ വാങ്ങൽ നടപടികൾ തുടരുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

പദ്ധതി - 82/2020-21

അടങ്കൽ -3,36,000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം )

ചെലവ് -3,07,288/-

സ്റ്റോർ പർച്ചേസ് മാന്വൽ 2013{സർക്കാർ ഉത്തരവ്.ജി.ഒ.(പി)നം.03/2013എസ്.പി.ഡി.തീയതി.21.06.2013} ഖ.7.6,7.31 എന്നിവ പ്രകാരം 15,000/-രൂപയ്ക്കു മുകളിൽ 1,00,000/-രൂപ വരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണെന്നും ഖ.7.2 പ്രകാരം ഭാഗികമായ വാങ്ങലുകൾ നടത്തുവാനായി ആവശ്യകതയെ ചെറിയ ഘടകങ്ങളാക്കി വിഭജിക്കുവാൻ പാടില്ലായെന്നും വ്യക്തമാക്കുന്നു.എന്നാൽ ഈ നടപടികൾ പാലിക്കാതെ റോസ് പ്രസ്സ് കള്ളിക്കാട് മൈലക്കര എന്ന സ്ഥാപനത്തിൽ നിന്നും ഒ.പി.ടിക്കറ്റുകൾ പ്രിന്റ് ചെയ്ത് വാങ്ങിയ ഇനത്തിൽ വിവിധ ബില്ലുകൾ/ഇൻവോയ്സുകൾ പ്രകാരം ആകെ 21,600/-രൂപയും,സേഫ് കെയർ ആറ്റിങ്ങൽ എന്ന സ്ഥാപനത്തിന് Polyethiline Barcode Printed Bags വാങ്ങിയ ഇനത്തിൽ വിവിധ ബില്ലുകൾ/ഇൻവോയ്സുകൾ പ്രകാരം ആകെ 51646/-രൂപയും നൽകിയിട്ടുണ്ട്.വിവരം ചുവടെ ചേർക്കുന്നു.

1.ഒ.പി.ടിക്കറ്റുകൾ പ്രിന്റ് ചെയ്തതിന് നല്കിയ തുക

| ഇൻവോയ്സ് നം&തീയതി | നൽകിയ തുക |
|---|---|
| 351.തീയതി.30.05.2020 | 9600 |
| 360.തീയതി.10.06.2020 | 2400 |
| 383.തീയതി.24.07.2020 | 2400 |
| 405.തീയതി.30.09.2020 | 3600 |
| 453.തീയതി.30.12.2020 | 1200 |
| 454.തീയതി.01.01.2021 | 2400 |
| ആകെ | 21600 |

2. Polyethiline Barcode Printed Bags വാങ്ങിയതിന് നൽകിയ തുകകൾ

| ഇൻവോയ്സ് നം&തീയതി | നൽകിയ തുക |
|---|---|
| 1668.തീയതി.20.08.2020 | 25823 |
| 3288.തീയതി.03.12.2020 | 25823 |
| ആകെ | 51646 |

പ്രസ്തുത വിഷയത്തിന് വിശദീകരണമാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/10.02.2022) മറുപടി

ലഭ്യമാക്കിയില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും സർക്കാർ ഉത്തരവ് പാലിച്ച് വാങ്ങൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-27 പി.എച്ച്.സിക്ക് ജനറേറ്റർ വാങ്ങൽ-ടെണ്ടർ സേവിംഗ് തുകകൂടെ പദ്ധതിക്ക് ചെലവാക്കി-ഇ-ടെണ്ടറിന്റെ പ്രസക്തി ഇല്ലാതായി

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)

പദ്ധതി നമ്പർ – 248/2020-21

അടങ്കൽ – 10,000/- (വികസന ഫണ്ട് )

– 5,00,000/-(ബ്ലോക്ക് വിഹിതം)

ചെലവ് – 10,000/- (വികസന ഫണ്ട് )

– 4,99,988/-(ബ്ലോക്ക് വിഹിതം)

ബിൽ നമ്പർ,തീയതി – 03/2020-21/31.03.21- 10,000/-

ചെക്ക് നം തീയതി – 2351429 തീയതി 29/03/2021

മലയോര മേഖലയിൽ താമസിക്കുന്ന രോഗികൾ കൂടുതലായി എത്തുന്ന കള്ളിക്കാട് പി.എച്ച്.സിയിലെ ഇടയ്ക്കിടെ ഉണ്ടാകുന്ന വൈദ്യുതി തടസ്സം പരിഹരിക്കുന്നതിനുവേണ്ടിയാണ് ഈ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയത്. ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ചുവയെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.പി.എച്ച്.സിക്ക് ഒരു ജനറേറ്ററും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുന്നതിനും ആയതിന് ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിനും വേണ്ടി മെഡിക്കൽ ഓഫീസർ കത്ത് നം.94/2020തീയതി 05.06.2020 പ്രകാരം കള്ളിക്കാട് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറോട് ആവശ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഒരു 30KVA 3Phase(415V,24KW)ഡീസൽ ജനറേറ്ററിന്റെ വിലയും അത് സ്ഥാപിക്കുവാനാവശ്യമായ അനുബന്ധ ഉപകരണങ്ങളുടെയും പ്രവൃത്തികളുടെയും തുകയും, സൂപ്പർ വിഷൻ ചാർജ്ജ്, ചെക്ക് മെഷർമെന്റ് എന്നിവയുടെ തുകയുമുൾപ്പെടെ ആകെ 5,10,000/-രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഈ എസ്റ്റിമേറ്റിൽ ഇലക്ട്രിക്കൽ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2.ഈ പ്രവൃത്തിയുടെ ഇ-ടെണ്ടറിൽ രണ്ട് സ്ഥാപനങ്ങൾ പങ്കെടുത്തു. ജനറിക് പവർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം 6,60,600/-രൂപയും പവർ ലൈൻ കൺസൾട്ടന്റ്സ്, ആലുവ, എറണാകുളം എന്ന സ്ഥാപനം 4,64,840/-രൂപയും ടെണ്ടർ ചെയ്യുകയും (എല്ലാ ചെലവുകളും ഉൾപ്പെടെ)ചെയ്തിട്ടുണ്ട്.

3.മെഡിക്കൽ ഓഫീസർ പി.എച്ച്.സിയുടെ ഉത്തരവ് നം 94/2020/എഫ്.എച്ച്.സി.കള്ളിക്കാട് തീയതി 23.02.2021 പ്രകാരം 2021 മാർച്ച് 30 ന് മുമ്പായി ജനറേറ്റർ സ്ഥാപിക്കുവാനുള്ള നിർദ്ദേശം പവർ ലൈൻ കൺസൾട്ടൻസ്, ആലുവ, എറണാകുളം എന്ന സ്ഥാപനത്തിന് നൽകുകയും സ്ഥാപനം 06/03/2021 ൽ കരാർ ചമയ്ക്കുകയും ചെയ്തിട്ടുണ്ട്.ഈ സ്ഥാപനത്തെ തെരഞ്ഞെടുത്ത ഭരണസമിതി തീരുമാനം ലഭ്യമല്ല.

4.ജനറേറ്റർ സ്ഥാപിക്കൽ പൂർത്തിയാക്കാൻ വേണ്ട അനുബന്ധപ്രവൃത്തികൾക്കായി ടെണ്ടർ സേവിംഗ് ഇനത്തിൽ ലഭിച്ച 45,160/-രൂപ കൂടെ ചെലവഴിക്കുവാനുള്ള അനുമതിയുണ്ടാകണമെന്ന് മെഡിക്കൽ ഓഫീസർ അക്രഡിറ്റഡ് എഞ്ചിനീയർ മുഖേന സെക്രട്ടറിയോട് അഭ്യർത്ഥിക്കുകയും പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം1(1) തീയതി 30/01/21പ്രകാരം ടെണ്ടർ സേവിംഗ്സ് തുക ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള അനുബന്ധ പ്രവൃത്തികൾക്ക് വിനിയോഗിക്കുവാൻ അനുമതി നൽകുകയും ചെയ്തു. പവർ ലൈൻ കൺസൾട്ടൻസ്, ആലുവ, എറണാകുളം എന്ന സ്ഥാപനം കരാർ വച്ച് പ്രവൃത്തി ഏറ്റെടുക്കുന്നതിന് മുമ്പ് തന്നെ ഈ തീരുമാനം എടുത്തതായി കാണുന്നു.

5.ജനറേറ്റർ സ്ഥാപിക്കുവാൻ എസ്റ്റിമേറ്റ് പ്രകാരം എല്ലാ പ്രവൃത്തിയുമുൾപ്പെടെ 4,64,840/-രൂപ ക്വാട്ട് ചെയ്തിരുന്ന സ്ഥാപനത്തിന് അന്തിമ ബിൽ പ്രകാരം 4,90,373/-രൂപ അനുവദിച്ച നടപടി ഉചിതമല്ല.

തുക നൽകിയ വിവരം.

| ക്രമ നം | ഇനം | എസ്റ്റിമേറ്റ് നിരക്ക് | സ്ഥാപനം ക്വാട്ട് ചെയ്ത നിരക്ക് | സ്ഥാപനം നല്കിയ അന്തിമ ബിൽ പ്രകാരമുള്ള തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | Price Of Generater,including Supply,conveyance,installation,testing,power Supply ................. | 436000 | 387000 | 436000 ഇനം നം 4 ഉൾപ്പെടെ |
| 2 | Supply,providing And Clambing Exhaust Pipe Extention Of 75mm And Wall Thickness 5mm With Mineral Wool Insulated And A1 Cladding As Requires | 12360 | 28840 | 28840 |
| 3 | Providing RCC Foundation Of Suitable Size For Installing DG | 17000 | 29000 | 26360 |
| 4 | Preparing Of All Necessary Drawings And Getting Approval From From Electric Ispectorate,arranging Inspection Etc. | 25000 | 20000 | Claimed In Item No 1 |
| | Total | 490360 | 464840 | 491200 |

4,91,200/-രൂപയുടെ ബിൽ സമർപ്പിച്ച സ്ഥാപനത്തിന് 4,90,373/-രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ 25,533/-അധികമാണ്.

6. ഈ പ്രവൃത്തിയുടെ അളവുകൾ എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് വാക്കാൽ അറിയിച്ചുവെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പ്രസ്തുത പ്രവൃത്തിയുടെ സൂപ്പർ വിഷൻ, ചെക്ക് മെഷർമെന്റ് എന്നിവയെക്കുറിച്ചുള്ള രേഖപ്പെടുത്തലുകൾ/സാക്ഷ്യപ്പെടുത്തലുകൾ ഫയലിൽ ഇല്ല. എന്നാൽ ഈയിനത്തിൽ യഥാക്രമം 14,711/- രൂപയും 4,903/- രൂപയും അനുവദിച്ചിട്ടുണ്ട്.

7. ടെണ്ടർ സേവിംഗ്സ് തുക ഉപയോഗിച്ച് പുതിയ ഇനങ്ങൾ ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തീകരിച്ചിരുന്നുവെങ്കിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമായിരുന്നു. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തതുമായി ബന്ധപ്പെട്ട വിവരങ്ങൾ ഫയലിൽ ഇല്ല.

8. ഈ പ്രവൃത്തിയുടെ ടെണ്ടർ സേവിംഗ് ഇനത്തിൽ ലഭിച്ച 45,160/-രൂപ കൂടെ പദ്ധതിയുടെ ഭാഗമായി വിനിയോഗിച്ചതിനാൽ ഇ-ടെണ്ടറിന്റെ പ്രസക്തി നഷ്ടമായി. പ്രവൃത്തിയുടെ കൃത്യമായ മോണിറ്ററിംഗ് നടന്നിട്ടില്ല. ഇത്തരം പ്രവൃത്തികളുടെ നിർവഹണത്തിലും തീരുമാനം കൈക്കൊള്ളുന്നതിലും ഭരണസമിതിയുടെ അതീവ ജാഗ്രത പതിയേണ്ടതാണ്.

ഈ പദ്ധതിയെ സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ഓഡിറ്റ് എൻക്വയറിയിലൂടെ (നം.27/10.02.2022)നിർവഹണ ഉദ്യോഗസ്ഥനെ അറിയിച്ചിട്ടുണ്ട്. മറുപടി ലഭ്യമായില്ല.

## 1-28 പ്രൊക്യുർമെന്റ് കമ്മിറ്റി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്.

സർക്കാർ ഉത്തരവ് (പി) 259 / 2010 / ത.സ്വ.ഭ.വ. 8.11.2010 പ്രകാരമാണ് തദ്ദേശ സ്ഥാപനങ്ങളിലെ എല്ലാ സാധനങ്ങളുടെയും, സേവനങ്ങളുടെയും വാങ്ങൽ നടപടികൾ സ്വീകരിക്കേണ്ടത്.തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് വിവിധ തരത്തിലുള്ള വാങ്ങലുകൾ ഓരോ വർഷവും നടത്തേണ്ടതായി വരും. അവ പദ്ധതി തയ്യാറാക്കുമ്പോൾ തന്നെ തയ്യാറാക്കുകയും, ആയതിനനുസരിച്ച് പ്രൊക്യുർമെന്റ് പദ്ധതി തയ്യാറാക്കുകയും വേണം. ഫലപ്രദമായ ബജറ്റ് നടപ്പാക്കലിനും, കാര്യക്ഷമമായ ധനവിനിയോഗം ഉറപ്പാക്കുന്നതിനും പ്രൊക്യുർമെന്റ് പ്ലാൻ തയ്യാറാക്കേണ്ടത് അനിവാര്യമാണ്.ഗ്രാമപഞ്ചായത്തിൽ പ്രൊക്യുർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാകേണ്ടതായുണ്ട്.

22.04.2020 ൽ പ്രൊക്യുർമെന്റ് കമ്മിറ്റി ഒരു മീറ്റിംഗ് കൂടിയിട്ടുണ്ട്.12 അംഗങ്ങൾ ഈ മീറ്റിംഗിൽ പങ്കെടുത്തിട്ടുണ്ട്.2020-21 സാമ്പത്തിക വർഷത്തെ എല്ലാ വാങ്ങൽ നടപടികളും പ്രൊക്യുർമെന്റ് കമ്മിറ്റിയിൽ ചർച്ച ചെയ്തിട്ടില്ല.

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവഹണം നടത്തിയ ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ-പ്രവർത്തനം (പദ്ധതി.നം.50/2021) എന്ന പദ്ധതിയിൽ 48253/-രൂപ ചെലവഴിച്ച് വെണ്മ ഫർണിച്ചർ കാട്ടാക്കട എന്ന സ്ഥാപനത്തിൽ നിന്നും ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്.ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചാണ് വാങ്ങൽ നടത്തിയതെങ്കിലും പ്രൊക്യുർമെന്റ് കമ്മിറ്റിയിൽ ഇതുമായി ബന്ധപ്പെട്ട ചർച്ചയോ തീരുമാനമോ എടുത്തിട്ടില്ല.

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നിർവഹണം നടത്തിയ പി.എച്ച്.സിക്ക് ജനറേറ്റർ (പദ്ധതി.നം.248/2021)എന്ന പദ്ധതിയിൽ 499988/-രൂപ ചെലവഴിച്ച് ഒരു ജനറേറ്റർ വാങ്ങിയിട്ടുണ്ട്. ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചാണ് വാങ്ങൽ നടത്തിയതെങ്കിലും പ്രൊക്യുർമെന്റ് കമ്മിറ്റിയിൽ ഇതുമായി ബന്ധപ്പെട്ട ചർച്ചയോ

തീരുമാനമോ എടുത്തിട്ടില്ല. തുടർ വർഷങ്ങളിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

## 1-29 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല- 18,87,100/-രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ളം എത്തിക്കുന്നതിനായി സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി പദ്ധതികൾ ഏറ്റെടുത്ത് കേരളാ വാട്ടർ അതോറിറ്റിക്ക് (നെയ്യാറ്റിൻകര ഡിവിഷൻ) തുക മുൻകൂറായി നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റി ഗ്രാമപഞ്ചായത്തുമായി ചേർന്ന് കരാർ ചമച്ചിട്ടുണ്ടെങ്കിലും നാളിതുവരെയും പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടില്ല. വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര്/നം | ചെലവഴിച്ച തുക | ബിൽ നം/തീയതി | തുക |
|---|---|---|---|---|
| 1 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ (പദ്ധതി നം 79/2021) | 526700 | 55/2020-21 തീയതി.25.09.2020 | 526700 |
| 2 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ (പദ്ധതി നം 174/2021) | 818400 | 06/2020-21 തീയതി.28.04.2020 | 139400 |
| | | | 07/2020-21 തീയതി.28.04.2020 | 200000 |
| | | | 08/2020-21 തീയതി.19.05.2020 | 140000 |
| | | | 09/2020-21 തീയതി.19.05.2020 | 100000 |
| | | | 13/2020-21 തീയതി.19.05.2020 | 239000 |
| 3 | കള്ളിക്കാട് പ്രദേശത്ത് പൈപ്പ് ലൈൻ നീട്ടൽ (പദ്ധതി നം 184/2021) | 542000 | 04/2020-21 തീയതി.28.04.2020 | 230800 |
| | | | 10/2020-21 തീയതി.28.04.2020 | 162000 |
| | | | 12/2020-21 തീയതി.28.04.2020 | 149200 |
| | ആകെ | 1887100 | | |

വാട്ടർ അതോറിറ്റിയിൽ നിന്നും ഇതുവരെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9/09.02.2022) ലഭ്യമാക്കിയ മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 18,87,100/-രൂപ തടസ്സം ചെയ്യുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. 172953/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

1.പദ്ധതി നം 01/2021

IKM ന് വിഹിതം നൽകൽ എന്ന ഈ പദ്ധതിയിൽ ആകെ 72,953/- രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ജില്ലാ കോർഡിനേറ്റർ ഐ.കെ.എമിന് പദ്ധതി പ്രകാരം 72,465/- രൂപ നൽകിയിട്ടുണ്ട്. (ബിൽ നം.78/2020-21 തീയതി.20.01.2021) പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2.പദ്ധതി നം 35/2021

ബയോ മെഡിക്കൽ വേസ്റ്റ് സംസ്കരണം എന്ന പദ്ധതിയിൽ ആകെ 1,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. സ.ഉ.(സാധാ)നം.1469/2020 ത.സ്വ.ഭ.വ.തീയതി.06.08.2020 പ്രകാരം ജില്ലാ ശുചിത്വ മിഷൻ കോർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് 100000/-രൂപ ഒടുക്കു വരുത്തിയിട്ടുണ്ട്.(ബിൽ നം 63/2020-21 തീയതി.20.10.2020)പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.11 )നൽകിയതിന്. വിനിയോഗ സാക്ഷ്യപത്രം ലഭിമായിട്ടില്ല എന്ന് മറുപടി ലഭ്യമാക്കി. ആയതിനാൽ രണ്ട് പ്രോജക്ടുകളിലുമായി ചെലവഴിച്ച ആകെ തുക 172953/-രൂപ ഓഡിറ്റ് തടസ്സം ചെയ്യുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ആയത് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 തുണിസഞ്ചി പേപ്പർബാഗ് നിർമ്മാണ യൂണിറ്റ് - ലോൺ അനുവദിച്ചതുമായി ബന്ധപ്പെട്ട ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കേണ്ടതാണ്- 200000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. - 58/21 [തുണിസഞ്ചി പേപ്പർബാഗ് നിർമ്മാണ യൂണിറ്റ് ജനറൽ (വനിത ഗ്രൂപ്പ്)]

അടങ്കൽ - 4,00,000/- (വി.ഫ(ജനറൽ)- 2,00,000/-, ബാങ്ക് ലോൺ - 2,00,000/-)

ചെലവ് - 2,00,000/- (ബിൽ നം.26/5.3.2021)

നിർവ്വഹണം - വി.ഇ.ഒ(ബി-സർക്കിൾ)

വനിതാ ഗ്രൂപ്പിന് തുണിസഞ്ചി പേപ്പർബാഗ് നിർമ്മാണ യൂണിറ്റ് ആരംഭിക്കാൻ 4,00,000/- രൂപ ലോൺ അനുവദിക്കുമ്പോൾ, 2,00,000/- രൂപ ബാക്ക് എൻഡ് സബ്സിഡിയായി ബാങ്കിലേക്ക് നൽകുകയെന്നതാണ് പ്രോജക്ട് ലക്ഷ്യം. നക്ഷത്ര എന്ന കുടുംബശ്രീ യൂണിറ്റിനാണ് പ്രോജക്ട് പ്രകാരം ധനസഹായം അനുവദിച്ചിരിക്കുന്നത്. ഇതിലേക്കായി 2,00,000/- രൂപ സബ്സിഡി ഇനത്തിൽ കള്ളിക്കാട് സർവ്വീസ് സഹകരണബാങ്ക് അക്കൌണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. എന്നാൽ ഗ്രൂപ്പിന് നാല് ലക്ഷം രൂപ ലോൺ അനുവദിക്കുന്നതിനുപകരം നൽകിയ സബ്സിഡി തുകയ്ക്ക് തുല്യമായ രണ്ട് ലക്ഷം രൂപ ലോണായി അനുവദിച്ചിട്ടുള്ളതെന്നാണ് ബാങ്കിൽ നിന്നുമുള്ള സാങ്ഷൻ ലെറ്റർ പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുള്ളത്. ലോൺ അനുവദിച്ചതുമായി ബന്ധപ്പെട്ട അക്കൌണ്ട് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് എൻക്വയറി(നമ്പർ 23/10.02.2022) നൽകിയതിന്റെ അടിസ്ഥാനത്തിൽ, ബാങ്കിൽ നിന്ന് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റിൽ രണ്ട് ലക്ഷം ലോൺ അനുവദിക്കുകയും, രണ്ട് ലക്ഷം സബ്സിഡി ഗ്രൂപ്പിന്റെ അക്കൌണ്ടിലേക്ക് നൽകിയെന്നും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ആയതിന്റെ കൃത്യത ഗ്രൂപ്പിന്റെ ലോൺ അക്കൌണ്ട് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതിനാൽ ബോധ്യപ്പെട്ടിട്ടില്ല.
ഗ്രൂപ്പിന് രണ്ട് ലക്ഷം രൂപ ലോൺ അനുവദിച്ചിട്ടുണ്ടെന്നും, സബ്സിഡി ഗ്രൂപ്പിന്റെ അക്കൈണ്ടിലേക്ക് മാറി നൽകിയിട്ടുണ്ടെന്നും, ഗ്രൂപ്പിന്റെ ലോൺ പാസ്സ്ബുക്ക് കുടുംബശ്രീയിൽ വരുന്നമുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കാമെന്നുമാണ് നിർവ്വഹണോദ്യോഗസ്ഥയുടെ വിശദീകരണം.

വനിതാ ഗ്രൂപ്പിന് ലോൺ അനുവദിച്ചതുമായി ബന്ധപ്പെട്ട പാസ്സ്ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു വരെ ചെലവ് തുക 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 പി.എം.എ.വൈ - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്- 501538/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജകട് നം. - 63/21 (പി.എം.എ.വൈ. ഫണ്ട് കൈമാറൽ)

അടങ്കൽ - 5,01,538/-

ചെലവ് - 5,01,538/- (ബിൽ നം. 1/16.07.2020)

നിർവ്വഹണം - വി.ഇ.ഒ (എ-സർക്കിൾ)

പ്രോജക്ട് പ്രകാരം 5,01,538/- രൂപ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് പി.എം.എ.വൈ. സ്കീമിനു വേണ്ടി

നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവിന്റെ വിനിയോഗസാക്ഷ്യപത്രം ബ്ലോക്ക്പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കുന്നതു വരെ 5,01,538/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 ഹരിതകർമ്മസേന പ്രവർത്തനം- അധികം ചെലവഴിച്ച 8050/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. - 239/21 (ഹരിതകർമ്മസേന പ്രവർത്തനം)

അടങ്കൽ - 3,10,942/-[233000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്, 77942 (സംസ്ഥാനാവിഷ്കൃത ഫണ്ട്)]

ചെലവ് - 2,28,537/- (221627 (ധനകാര്യകമ്മീഷൻഗ്രാന്റ്),

6910 (സംസ്ഥാനാവിഷ്കൃതഫണ്ട്))

നിർവഹണം – വി.ഇ.ഒ. (എ-സർക്കിൾ)

ബിൽ നം. - 3/30.09.2020- 78000/-, 4/21.10.2020- 6000, 8/21.10.2020- 4625, 9/30.12.2020- 19992, 12/8.01.2021- 3000, 13/11.2.2021- 19992,

16/23.03.2021- 39984, 17/23.03.2021- 2000, 18/30.03.2021- 39984, 19/30.03.2021- 8050)

ചെക്ക് നം. - 6421/31.03.2021 -6910/-

ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചത് 2018 ലാണ്. കടകൾക്ക് 100/-രൂപയും, വീടുകളിൽ 50/- രൂപയുമാണ് യൂസർഫീ നിരക്ക്. ഹരിതകർമ്മസേനയുടെ ബൈലോ, തൻവർഷം ഹരിത കർമ്മസേന പ്രവർത്തനങ്ങൾക്കായി കളക്ഷൻ കാർഡ് തയ്യാറാക്കി ഉപഭോക്താക്കൾക്ക് വിതരണം ചെയ്യതിന്റെ രേഖകൾ, എം.സി.എഫിലേക്ക് എത്തിക്കുന്ന അജൈവ മാലിന്യങ്ങളുടെ തരം തിരിച്ചുള്ള അളവ് രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ, പിരിവിനായി ഉപയോഗിക്കുന്ന രസീത് ബുക്കിന്റെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിൽ പാസ് ബുക്ക്, ക്യാഷ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ടതിന് 24.08.2021 ന് Zero Balance ആയി ആരംഭിച്ച അക്കൌണ്ട്ബുക്കാണ് ലഭ്യമാക്കിയത്. പ്രസ്തുത അക്കൌണ്ടിൽ 5/11/2021 ന് 59,230/- രൂപ ബാലൻസുണ്ട്. 13.01.2021 മുതലുള്ള ക്യാഷ്ബുക്കാണ് സൂക്ഷിച്ചിട്ടുള്ളത്.

തൻവർഷം ഹരിതകർമ്മസേന പ്രവർത്തനങ്ങൾക്കായി നടപ്പാക്കിയ പ്രോജക്ട് പ്രകാരം ഹരിതകർമ്മ സേനാഗംങ്ങൾക്ക് വേതനം, വണ്ടിവാടകയുൾപ്പെടെയുള്ള മറ്റ് പ്രവർത്തനചെലവുകൾ, ഹരിതകർമ്മ സേനാ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ചുമതല നൽകിയിട്ടുള്ള അമാസ് കേരള (Acadamy For Mountaining & Adventure Sports) എന്ന സ്ഥാപനത്തിന് പ്രതിമാസം 19,992/- രൂപ നിരക്കിൽ ആറ് മാസത്തെ പ്രതിഫലം എന്നിവയാണ് നൽകിയിട്ടുള്ളത്.

പ്രോജക്ടിൽ നിന്നും വയബിലിറ്റി ഗ്യാപ്പ് എന്ന നിലയിൽ ഹരിത കർമ്മസേനാംഗങ്ങൾക്ക് കോവിഡ്-19 ന്റെ കൂടി പശ്ചാത്തലത്തിൽ ഒരാൾക്ക് 3,000/- രൂപ വീതം നൽകുന്നതിന് 8.09.2020-ലെ VIII(1) നം. തീരുമാനപ്രകാരം ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട് (പ്രസ്തുത സമയത്ത് ഹരിത കർമ്മസേനയുടെ അക്കൌണ്ടിലെ നീക്കിയിരിപ്പ്, ബാങ്ക് അക്കൌണ്ടും ക്യാഷ്ബുക്കുമില്ലാത്തതിനാൽ വ്യക്തമല്ല). തീരുമാനപ്രകാരം 26 അംഗങ്ങൾക്ക് 3,000/- രൂപ വീതം അനുവദിച്ചുണ്ട്. എന്നാൽ ഇത് കൂടാതെ 23 അംഗങ്ങളുടെ അക്കൌണ്ടിലേക്ക് 350/- രൂപ വീതം ആകെ 8,050/- രൂപ അധികം നൽകിയിട്ടുമുണ്ട്. ഇപ്രകാരം തുക അധികം നൽകാനുണ്ടായ കാരണം ആവശ്യപ്പെട്ടതിന് ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ആറുമാസം വരെ വേതനയിനത്തിൽ തുക നല്കാവുന്നതാണെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത് [ഓഡിറ്റ് എൻക്വയറി നമ്പർ 21(a)]. ഭരണസമിതിയുടെ അനുമതിയില്ലാതെ ചെലവഴിച്ച 8,050/- രൂപയുടെ ചെലവ് ഇതിന്മേൽ വ്യക്തമായ വിശദീകരണം ലഭ്യമാക്കുന്നതിലേക്കായി തടസ്സപ്പെടുത്തുന്നു.

## 1-34 ജലശ്രീ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല- 7200/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. - 232/21(ജലശ്രീ കിണർ റീചാർജ്ജ്(ജനറൽ)

അടങ്കൽ - 1,67,200/- [54,720/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം), 82,080/- (ജില്ലാ പഞ്ചായത്ത് വിഹിതം)]

ചെലവ് - 7200/- [2,880/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 4,320/- (ജില്ലാ പഞ്ചായത്ത് വിഹിതം)]
(ചെക്ക് നം. 2351430/31.03.20201- 4320/-,

23512880/27.10.2020 - 1440, 2351431/31.03.2021)

നിർവ്വഹണോദ്യോഗസ്ഥൻ - വി.ഇ.ഒ(ബി-സർക്കിൾ)

മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട ചെലവുരേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ടതിന്(ഓഡിറ്റ് എൻക്വയറി നം. 22) ബ്ലോക്ക്-ജില്ലാ വിഹിതത്തിനായി സാംഖ്യയിൽ റിക്വിസിഷൻ അയക്കുമ്പോൾ ബ്ലോക്ക്-ജില്ലാപഞ്ചായത്തിൽ നിന്ന് ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് നേരിട്ട് തുക ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്തിട്ടുള്ളതെന്നാണ് മറുപടി നൽകിയിരിക്കുന്നത്. ഇതിൽ നിന്നും നിർവ്വഹണോദ്യാഗസ്ഥന് തുക ചെലവഴിച്ചത് സംബന്ധിച്ച് വ്യക്തതയില്ലായെന്ന് ബോധ്യമാകുന്നു. പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു വരെ 7200/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-35 ലൈഫ് ഭവനപദ്ധതി- രേഖകൾ ലഭ്യമാക്കേണ്ടതാണ്

(എ) ലൈഫ് ഭവനപദ്ധതി പ്രകാരം തൻവർഷം രണ്ട് പ്രോജക്ടുകളാണ് നടപ്പാക്കിയിട്ടുള്ളത്.

1. പ്രോജക്ട് നം.233/21 (ലൈഫ് ഭവനനിർമ്മാണം (ജനറൽ))

   അടങ്കൽ - 1900000/- (വി.ഫ(പൊ.വി)-200000, സംസ്ഥാനാവിഷ്കൃതം- 300000,

   ബ്ലോക്ക് പഞ്ചായത്ത്- 200000, ജില്ലാ പഞ്ചായത്ത്- 200000, മറ്റുള്ളവ-1000000)

   ചെലവ് - 360000/- (വി.ഫ(പൊ.വി)-160000, സംസ്ഥാനാവിഷ്കൃതം- 200000, മറ്റ് വിഹിതങ്ങളുടെ ചെലവ് ചെലവ്പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല)

2. പ്രോജക്ട് നം.48/21(ലൈഫ് ഭവനപദ്ധതി- പട്ടികവർഗ്ഗം)

   അടങ്കൽ - 468464/- (വി.ഫ.(പൊ.വി))- ചെലവ് പത്രിക പ്രകാരം

   ചെലവ് - 388004/-

   നിർവഹണം – വി.ഇ.ഒ. (എ സർക്കിൾ)

മേൽ രണ്ട് പ്രോജക്ടുകൾ കൂടാതെ അഗതിരഹിതകേരളം എന്ന പ്രോജക്ട് പ്രകാരം ഒരു ഗുണഭോക്താവിന് വീട് നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്. സ.ഉ(എം.എസ്)നം.126/2018/ത.സ്വ.ഭ.വ തീയതി 14.09.2018 പ്രകാരം ഭവനരഹിതരും, വീട് നിർമ്മിക്കാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങളേയും ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തണമെന്നും, ലൈഫ് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുമ്പോൾ ടി ഗുണഭോക്താക്കൾക്ക് പ്രഥമപരിഗണന നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ അഗതി രഹിതകേരളം ലിസ്റ്റിലെ ഭവനരഹിതരെ ലൈഫ് ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ അഗതിരഹിത കേരളം ഭൂമിയുള്ള ഭവനരഹിതരുടെ(2020-22) ലിസ്റ്റിൽ പത്ത് ഗുണഭോക്താക്കളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ നിലവിൽ ഭവനനിർമ്മാണത്തിന് ധനസഹായം ലഭിക്കാത്തവരുണ്ടെന്നും, പ്രസ്തുത ലിസ്റ്റിലുള്ളവരെ ലൈഫ് ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ജില്ലാമിഷനിൽ രേഖാമൂലം അയച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. ഓഡിറ്റ് എൻക്വയറി 33/11.02.2022) ഇതിന്മേൽ തുടർനടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

(ബി) ലൈഫ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പാക്കിയ രണ്ട് പ്രോജക്ടുകളിലും ചെലവഴിച്ച സംസ്ഥാനവിഹിതം, ലോൺ തുകകളുടെ വിശദാംശം സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച രജിസ്റ്ററും, ഫയലും ബന്ധപ്പെട്ട വി.ഇ.ഒ. കൃത്യമായി പരിപാലിക്കാത്തതിനാൽ ചെലവഴിച്ച തുക സംബന്ധിച്ച കൃത്യമായ കണക്ക് പരിശോധിക്കാൻ സാധിച്ചിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ സംസ്ഥാന വിഹിതം 8 ലക്ഷം രൂപയും, ലോൺവിഹിതം 1 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഇത് ഏത് പ്രോജക്ട് പ്രകാരമുള്ള ചെലവാണെന്നതിൽ വ്യക്തതയില്ല. പ്ലാൻ ഫണ്ട് മുഖേന ചെലവ് വന്നതിന്റെ രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിരിക്കുന്നത്. പ്രസ്തുത രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

ലൈഫ് ഭവനപദ്ധതി (ജനറൽ)-

I) ചെലവ് പത്രിക പ്രകാരം വികസനഫണ്ട് (പൊ.വി.) ചെലവ് 1,60,000/- രൂപയാണ്. എന്നാൽ നിർവ്വഹണോദ്യോഗസ്ഥയുടെ ബിൽബുക്ക് പ്രകാരം 2,00,000/- രൂപ പ്രോജക്ടിനായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ACR പരിശോധിച്ചതിൽ 25.06.2020-ന് Project No.61- House Construction ന് 40,000/- രൂപ ചെലവഴിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇപ്രകാരമൊരു പ്രോജക്ട് തൻവർഷവും, മുൻവർഷവും നടപ്പാക്കിയിട്ടില്ല.

II) രജിസ്റ്റർ പരിശോധിച്ചതിൽ ക്രമ നം. 45, ശ്രീമതി.ശകുന്തള, അശ്വതിഭവൻ, ആട്ടുവള്ളി എന്ന ഗുണഭോക്താവ് 4,00,000/- കൈപ്പറ്റിയിട്ടുണ്ട്. പ്രസ്തുത വ്യക്തിക്ക് വീണ്ടും 20,000/- രൂപ അനുവദിച്ചിട്ടുണ്ട്.

III) മറ്റ് ഗുണഭോക്താക്കൾക്ക് വിഹിതം നൽകിയത് കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

IV) ധനസഹായം ലഭിച്ച ശ്രീമതി പ്രിയസൈമൺ എന്ന ഗുണഭോക്താവിന്റെ അപേക്ഷ ഫയൽ ലഭ്യമാക്കിയിട്ടില്ല.

ലൈഫ് ഭവനപദ്ധതി- പട്ടികവർഗ്ഗം

രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീമതി.ബിന്ദു (A/c No. 12980100163939), ആർ.ബി.ഭവൻ, വ്ലാവെട്ടി എന്ന ഗുണഭോക്താവിന് 2446/- രൂപ അധികം നൽകിയതായി കാണുന്നു.

ഇത് സംബന്ധിച്ച് വ്യക്തമായ മറുപടി നിർവ്വഹണോദ്യോഗസ്ഥ ലഭ്യമാക്കിയിട്ടില്ല. ലൈഫ് ഭവനപദ്ധതിക്കായി തൻവർഷം ചെലവഴിച്ച തുക(എല്ലാഫണ്ടിനങ്ങളും ഉൾപ്പെടെ) സംബന്ധിച്ച് കൃത്യമായ കണക്കും, അനുബന്ധരേഖകളും അടിയന്തിരമായി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-36 മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷം റിവൈസ് ചെയ്യുന്നു.

കേരള പി.ഡബ്ല്യു.ഡി മാന്വൽ 1601.1.6 പ്രകാരം അംഗീകരിക്കപ്പെട്ട എസ്റ്റിമേറ്റിൽ കൂട്ടിച്ചേർക്കലുകൾ, ഒഴിവാക്കലുകൾ, സ്ട്രക്ചറൽ മാറ്റങ്ങൾ എന്നീ സാഹചര്യങ്ങൾ സംജാതമായാൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനോ പുരോഗമിക്കുന്നതിനോ കാത്തിരിക്കാതെ ഉടൻ തന്നെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നേടേണ്ടതാണ്. എന്നാൽ ഇതിന് വിപരീതമായി പണി 90%പൂർത്തീകരിച്ചതിന് ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് ചുവടെ ചേർത്തിരിക്കുന്ന പദ്ധതിയിൽ ഭരണ സമിതി അംഗീകരിച്ചിരിക്കുന്നു.

പദ്ധതിയുടെ പേര് - മൈലക്കര അംഗൻവാടി നിർമ്മാണം

പദ്ധതി നം 217/19-20 സ്പിൽ ഓവർ (192/2020-21 അടങ്കൽ തുക 200000/-)വികസനഫണ്ട്.

ചെലവ് തുക 142000/- ബിൽ നം 217/20-21 20.8.20

കരാറുകാരൻ – രഞ്ജുലാൽ.എസ്.

കരാർ തീയതി – 4.11.19

എം ബുക്ക് പ്രകാരം പണി പൂർത്തീകരിച്ച തീയതി - 22.06.2020

Ex.എഞ്ചിനീയറുടെ 17/6/2020 ലെ കത്തിലാണ് റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചത് 27.4.2020 ൽ ആണ് ഭരണ സമിതി തീരുമാനം 27.4.2020 ലെ ഭരണസമിതി മീറ്റിംഗിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള എ.ഇ.യുടെ കത്തിലെ തിയതി10/05/2020 ലുള്ളതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (1) ൽ പഞ്ചായത്ത് കമ്മിറ്റിയ്ക്ക് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള കത്ത് നൽകിയിട്ടുണ്ടെന്ന് മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചത്. മറ്റ് അപാകതകൾക്കും എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന് മുമ്പ് പ്രവൃത്തി പൂർത്തീകരിച്ചതിന് മറുപടിയും നൽകിയില്ല. മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൃത്യമായും പാലിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-37 ടെണ്ടർ നടപടികൾ പാലിക്കാതെ മരാമത്ത് പ്രവൃത്തികൾ-

കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ സ്പിൽ ഓവറായ 63 പ്രോജക്ടും പുതിയ 54 പ്രോജക്ടും ഉൾപ്പെടെ 117 പ്രോജക്ട് ഉള്ളതിൽ 89 പ്രോജക്ടുകൾ പൂർത്തികരിച്ചിട്ടുണ്ട്. 3 -സ്പിൽ ഓവർ പ്രോജക്ടുകൾ ഉപേക്ഷിച്ചിട്ടുണ്ട് നടപ്പിലാക്കിയ പ്രോജക്ടുകളിലെ ടെണ്ടർ നടപടികൾ സുതാര്യമല്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1)e-tender നടപടിക്രമം

30.04.2015 ലെ സ.ഉ.(സാധ) നമ്പർ 1288/2015/തസ്വഭവ ഉത്തരവിലെ ക്രമനമ്പർ 1 പ്രകാരം അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ മരാമത്ത് പ്രവൃത്തികളും ഇ-ടെണ്ടർ മുഖേന നടപ്പിലാക്കാൻ നിർദ്ദേശിക്കുന്നുണ്ട്.അഞ്ച് ലക്ഷത്തിലധികരിച്ച 32 പ്രോജക്ടുകളിൽ 13എണ്ണം മാത്രമെ E-tender നടത്തിയിട്ടുള്ളൂ. 19 എണ്ണം ഓപ്പൺ ടെണ്ടറാണ് നടത്തിയത്. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിലവിൽ വന്ന ഈ ഉത്തരവിന് വിരുദ്ധമാണിത്.

2) ഓപ്പൺ ടെണ്ടർ പ്രവൃത്തികളിലും നിയമം അനുശാസിക്കുന്ന രീതിയിലല്ല നടപടിക്രമങ്ങൾപാലിച്ചിട്ടുള്ളത്.

A) ഒരേ തുക ക്വാട്ട് ചെയ്യുന്ന അവസരത്തിൽ നെഗോഷിയേറ്റ് ചെയ്യാതെ താല്പര്യം ഉള്ളവർക്ക് പ്രവൃത്തി കൈമാറുന്നു.

ഉദാ-വ്ളാവെട്ടി സൊസൈറ്റിനട മെയിന്റനൻസ്-s0190/20-21 -271600/(അടങ്കൽ)

B) ഒരു ടെണ്ടർ മാത്രം ലഭിച്ച പ്രവൃത്തിയിൽ റീ ടെണ്ടർ നടപടികൾ കൂടാതെ സ്വീകരിച്ചതായി കാണുന്നു.

ഉദാ-മരക്കുന്നം -വ്ളാവെട്ടി റോഡ് മെയിൻറനൻസ്-SO185/20-21

3)ഉപേക്ഷിച്ച സ്പിൽ ഓവർ പ്രോജക്ടുകൾ

പഞ്ചായത്തിന്റെ അനിവാര്യ പ്രോജക്ടുകളായ മൂന്ന് പ്രോജക്ടുകൾ ഫണ്ടില്ലായെന്ന കാരണത്താൽ ഉപേക്ഷിച്ചിട്ടുണ്ട്. 2019-20ൽ വളരെ കുറച്ച് പ്രോക്ടുകൾ മാത്രം ചെയ്ത് ഫണ്ട് ലാപ്സായിപോയി. 20-21 ലഭിച്ച ഫണ്ട് സ്പിൽ ഓവർ

പ്രോജക്ടിനും കൂടി നല്കിയതുമൂലം ഫണ്ടില്ലാത്ത അവസ്ഥയാണ് നിലവിൽ. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 220/21 | മൈലക്കര-വള്ള ക്കടവ്റീടാറിംഗ് | 1,75,000 |
| 2 | 215/21 | നെയ്യാർഡാം സ്കൂളിന് ബയോഗ്യാസ് പ്ളാൻറ് സ്ഥാപിക്കൽ | 3,46,987 |
| 3 | 208/21 | പബ്ളിക് മാർക്കറ്റ് ബയോഗ്യാസ് പ്ളാൻറ് സ്ഥാപിക്കൽ | 55,000 |

## 1-38 എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു.

മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് 21.06.2018 ലെ ഇ.20/6699/2018/ സി.ഇ/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ മേൽ സർക്കുലറിന് വിരുദ്ധമായി കള്ളിക്കാട് ഗ്രാമ പഞ്ചായത്തിൽ 2020-21ൽ നടപ്പാക്കിയ 30പ്രവൃത്തികൾ എസ്റ്റിമേറ്റ് പുതുക്കി നിർവ്വഹണം നടത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത പ്രവൃത്തികൾക്ക് ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് |
|---|---|---|
| 1 | 97/21 | നാല് പറതലയ്ക്കൽ ഏറെക്കോണം റോഡ് |
| 2 | 222/21 | സ്വർണ്ണക്കോട്-നലവിളറോഡ് പാരപ്പെറ്റ് നിർമ്മാണം |
| 3 | 123/21 | ആണ്ടിവിളാകം-നടപ്പാത ഇൻറർലോക്ക് |
| 4 | 126/21 | കുന്നിൻപുറം നടപ്പാത ഇൻറർലോക്ക് |
| 5 | 108/21 | പടപ്പറ -പാറേക്കോണം റോഡ് പാർശ്വഭിത്തി നിർമ്മാണം |
| 6 | 147/21 | സ്വതന്ത്ര സുവർണ്ണ ജൂബിലി ടോയ്ലറ്റ് നിർമ്മാണം |
| 7 | 121/21 | വിളയിൽ-മുള്ളിലവിൻമൂട് -നടപ്പാത |
| 8 | 112/21 | നടുവിലത്തോട്ടം-കോട്ടറക്കോണം റോഡ് കൾവർട്ട് നിർമ്മാണം |
| 9 | 212/21 | പോട്ടൻതോട്ടം-തേക്കുവിള നടപ്പാത മെയിൻറനൻസ് |
| 10 | 138/21 | ആട്ടക്കടവ്-നടപ്പാത ഇൻറർലോക്ക് |

| | | |
|---|---|---|
| 11 | 221/21 | നിലമേൽ-ബണ്ടുറോഡ്-സൈഡ്വാൾ റീകോൺക്രീറ്റ്. |
| 12 | 109/21 | വില്ലിട്ടംപാറ-ഓട നിർമ്മാണം |
| 13 | 88/21 | വ്ളാവെട്ടി -സൊസൈറ്റി നട റോഡ് പാർശ്വഭിത്തി |
| 14 | 139/21 | ചെരിഞ്ഞാംകോണം-ചാനൽകരബണ്ട് പാർശ്വഭിത്തി |
| 15 | 104/21 | നാരകത്തിൻകുഴ്-അംഗൻവാടി കൽച്ചറൽ സെൻർ-യാർഡ് ഇൻറർലോക്ക് |
| 16 | 145/21 | എം.ജി.എൻ.ആർ.ജി.എസ്.ഓഫീസ് നവീകരണം |
| 17 | 91/21 | പാട്ടെക്കോണം-അംഗൻവാടി മെയിൻറനൻസ് |
| 18 | 143/21 | ആയുർവേദ ആശുപത്റി ഒന്നാംനില പുനരുദ്ധാരണം-രണ്ടാംഘട്ടം |
| 19 | 95/21 | കാഞ്ചിമൂട്-ആറ്റക്കടവ് റോഡ് ഇൻറർലോക്ക് |
| 20 | 133/21 | മുണ്ടവന് കുന്ന് പാട്ടേക്കോണം നടപ്പാത |

ഇത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 29/ 11.02.2022) ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് പശ്ചാത്തലത്തിൽ സ്ഥലപരിശോധന നടത്താതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്ന് അറിയിച്ചിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായ സ്ഥല പരിശോധനയും പ്രോജക്ട് രൂപീകരണത്തിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തവും ഉറപ്പാക്കേണ്ടതാണ്.

## 1-39 പച്ചക്കറി കൃഷി (കുടുംബശ്രീ മുഖേന) -പദ്ധതി നടത്തിപ്പിലെ അപാകതകൾ.

പദ്ധതി നം - 11/2021

അടങ്കൽ -13,50,000/-(വികസന ഫണ്ട് 4,50,000/- + ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്നത് – 9,00,000/-)

ചെലവ് -2,33,090/-

നിർവഹണം -കൃഷി ഓഫീസർ

നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതിനായും കൂലിച്ചെലവ് ഇനത്തിൽ സബ്സിഡി അനുവദിക്കുന്നതിനും വേണ്ടി 4,50,000/-രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തിയും 9,00,000/-രൂപ സ്വയം വഹിക്കുന്ന രീതിയിലുമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിയുടെ ഫയൽ പരിശോധനയിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.പദ്ധതി പ്രകാരം ഇക്കോഷോപ്പ് വഴി 151 യൂണിറ്റുകൾക്ക് നടീൽ വസ്തുക്കൾ വിതരണം ചെയ്തിട്ടുണ്ട്.എന്നാൽ 134 യൂണിറ്റുകൾക്ക് മാത്രമാണ് കൂലിച്ചെലവ് നൽകിയിരിക്കുന്നത്.കൂലിച്ചെലവ് ഇനത്തിൽ സബ്സിഡി ലഭ്യമാക്കാത്ത

17യൂണിറ്റുകൾ നടീൽ വസ്തുക്കൾ മാത്രം കൈപ്പറ്റിയതായി കാണുന്നു. കൂലിയിനത്തിൽ ചെലവായ തുകയുടെ ബില്ലുകൾ/വൗച്ചറുകൾ ലഭ്യമാക്കാത്തവർക്കാണ് കൂലിയിനത്തിൽ സബ്സിഡി നല്കാത്തത്.നടീൽ വസ്തുക്കൾ മാത്രം കൈപ്പറ്റിയ ഇവർ പദ്ധതിയുടെ ഗുണം പ്രയോജനപ്പെടുത്തിയിരുന്നോ എന്നത് വ്യക്തമല്ല.

2.ഭൂരിപക്ഷം അപേക്ഷകളിലും ഗുണഭോക്താക്കൾ സത്യവാങ്മൂലം ചേർത്തിട്ടില്ല.

3.അപേക്ഷകൾ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ചേർത്തിട്ടില്ല.

ശ്രദ്ധയിൽപ്പെട്ട അപാകതകൾ ഓഡിറ്റ് എൻക്വയറി നം 8 ലൂടെ നിർവഹണ ഉദ്യോഗസ്ഥയെ അറിയിച്ചിട്ടുണ്ട്.അപാകതകൾ പരിഹരിച്ചിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കിയെങ്കിലും പദ്ധതിയുടെ നിർവഹണ ഘട്ടത്തിൽ ആയത് ശ്രദ്ധിക്കേണ്ടിയിരുന്നു.ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.വർക്കിംഗ് ഗ്രൂപ്പിന്റെയും ഭരണ സമിതിയുടെയും ശ്രദ്ധ ഈ വിഷയങ്ങളിൽ പതിയേണ്ടതാണ്.

## 1-40 മരുന്നു വാങ്ങൽ പദ്ധതികൾ -ചെലവഴിച്ച മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമായില്ല.1,80,194/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി.നടപ്പിലാക്കിയ ചുവടെ പറയുന്ന പദ്ധതികളിൽ തുക മുൻകൂറായി കെ.എം.സി.എല്ലിന് നൽകിയെങ്കിലും നല്കിയ മുഴുവൻ തുകയ്ക്കും മരുന്ന് ലഭ്യമായിട്ടില്ല.

1.സാന്ത്വനം പാലിയേറ്റീവ് കെയർ(പദ്ധതി നം 37/2021)

ഈ പദ്ധതിയിൽ മരുന്ന് വാങ്ങലിനായി 3,00,000/-രൂപ വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും കെ.എം.സി.എല്ലിന് നൽകിയിട്ടുണ്ട്. (ബിൽ നം.35/2020-21 തീയതി.16.01.2021) എന്നാൽ നാളിതുവരെ 1,80,487/-രൂപയ്ക്കുള്ള മരുന്ന് മാത്രമെ ലഭ്യമായുള്ളൂ. ലഭ്യമായ മരുന്നിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം/തീയതി | ലഭ്യമായ മരുന്ന് (തുകയിൽ) |
|---|---|
| 2453.തീയതി.16.06.21 | 59,142/- |
| 6668.തീയതി.24.09.21 | 18,065/- |
| 6670.തീയതി.24.09.21 | 29,934/- |
| 6667.തീയതി.24.09.21 | 20,536/- |
| 6669.തീയതി.28.09.21 | 43,036/- |
| 8609.തീയതി.06.11.21 | 9,774/- |
| ആകെ | 1,80,487/- |

2.കള്ളിക്കാട് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് മരുന്നും റീ ഏജന്റ്സും(പദ്ധതി നം 30/2021)

ഈ പദ്ധതിയിൽ മരുന്ന് വാങ്ങലിനായി 4,20,000/-രൂപ കെ.എം.സി.എല്ലിന് നൽകിയിട്ടുണ്ട് (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം-ബിൽ നം 33/2020-21.തീയതി.17.01.2021).എന്നാൽ നാളിതുവരെ 3,59,319/-രൂപയ്ക്കുള്ള മരുന്ന് മാത്രമെ ലഭ്യമായുള്ളൂ. ലഭ്യമായ മരുന്നിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം/തീയതി | ലഭ്യമായ മരുന്ന് (തുകയിൽ) |
|---|---|
| 1473.തീയതി.16.05.21 | 1,87,461/- |
| 4756.തീയതി.05.08.21 | 71,919/- |
| 2849.തീയതി.24.06.21 | 35,222/- |
| 8595.തീയതി.06.11.21 | 30,526/- |
| 10498.തീയതി.28.12.21 | 34,191/- |
| ആകെ | 3,59,319/- |

ഇരു പദ്ധതികളിലുമായി ഇനിയും 1,80,194/- (119513+60681)മരുന്ന് ലഭ്യമാകാനുണ്ട്. ഈ തുക ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും തടസ്സം ഒഴിവാക്കേണ്ടതുമാണ്. വിവരം ഓഡിറ്റ് എൻക്വയറി നം.32 തീയതി 11.02.2021 പ്രകാരം നിർവഹണ ഉദ്യോഗസ്ഥനെ ബോധ്യപ്പെടുത്തിയിട്ടുള്ളതാണ്. മറുപടി ലഭ്യമായില്ല.

## 1-41 വാഹന പരിപാലനത്തിലെ അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ KL 20 F 4113 എന്ന നമ്പരിലുള്ള Bolero Jeep വാഹനമാണുള്ളത്.

പ്രസ്തുത വാഹന ത്തിന്റെ ഇൻഷ്വറൻസ് സർക്കാർ വകുപ്പിൽ എടുത്തിട്ടില്ല

KL 20 F 4113 എന്ന നമ്പരിലുള്ള ഔദ്യോഗിക വാഹനത്തിന്റെ 2020-2021 കാലയളവിലെ ഇൻഷ്വറൻസ് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നും എടുത്തിട്ടില്ല. ദി ഓറിയന്റൽ ഇഷ്വറൻസ് ലിമിറ്റഡിൽ നിന്നുമാണ് ഇക്കാലയളവിലെ ഇൻഷ്വറൻസ് എടുത്തിട്ടുള്ളത്. ഇത് സർക്കാർ ഉത്തരവിന് ഘടകവിരുദ്ധമായ നടപടിയാണ്. 18.04.2000 ലെ ജി.ഒ.(പി) നം. 819/2000 ഫിൻ ഉത്തരവു പ്രകാരം ഗവ. വകുപ്പുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ ഔദ്യോഗിക വാഹനങ്ങളുടെ തേർഡ് പാർട്ടി ഇൻഷ്വറൻസ് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നും എടുക്കേണ്ടതാണെന്ന് നിഷ്കർഷിക്കപ്പെട്ടിട്ടുണ്ട്.

ഇക്കാര്യം സംബന്ധിച്ച് 11.02.2022 ൽ 31 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇതു സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്. അടുത്ത തവണ ഇഷ്വറൻസ് പുതുക്കുന്ന സമയത്ത് കേരള സർക്കാരിന്റെ ഇൻഷ്വറൻസ് വകുപ്പിൽ നിന്നും നിർബന്ധമായും ഇൻഷ്വറൻസ് എടുക്കേണ്ടതാണ്.

## 1-42 ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ലോഗ്ബുക്കുകൾ നിയമാനുസൃതമായ രീതിയിൽ പരിപാലിക്കുന്നില്ല. ലോഗ്ബുക്കുകളുടെ പരിപാലനത്തിൽ കെ.എഫ്.സി വാല്യം.I പ്രകാരം കെ.എഫ്.സി വാല്യം.II ൽ നൽകിയിട്ടുള്ള 48എ, 48ബി എന്നീ ഫോറങ്ങളിലെ വ്യവസ്ഥകളും കേരള സർക്കാർ ധനകാര്യ പരിശോധനാ വിഭാഗം (നോൺ ടെക്നിക്കൽ-എഫ്) വകുപ്പ് പുറപ്പെടുവിച്ച 2.08.2008 ലെ 41/2008/ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകളും 30.06.07 ലെ ജി.ഒ.(എം.എസ്) 170/07 ത.സ്വ.ഭ.വ എന്ന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്. 2020-21 സാമ്പത്തിക വർഷത്തെ ലോഗ്ബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കസ്റ്റോഡിയൻ-ഓഫീസർ ലോഗ്ബുക്ക് പരിശോധിക്കുന്നില്ല

വാഹനത്തിന്റെ കസ്റ്റോഡിയൻ-ഓഫീസർ ഇടയ്ക്കിടെ ലോഗ്ബുക്ക് പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ബോദ്ധ്യപ്പെടേണ്ടതും പരിശോധിച്ച വിവരം അതിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

2. ഫുൾടാങ്ക് ഇന്ധനം നിറയ്ക്കുന്നില്ല

വാഹനത്തിന്റെ ഇന്ധനടാങ്ക് പൂർണ്ണമായും നിറയ്ക്കേണ്ടതാണ്. നിയന്ത്രണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ മേൽനോട്ടത്തിലോ അല്ലെങ്കിൽ നിയന്ത്രണാധികാരി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലോ ഇന്ധനം നിറയ്ക്കേണ്ടതാണ്. തീയതി, ഓരോ പ്രാവശ്യവും നിറച്ച ഇന്ധനത്തിന്റെ ആകെ അളവ്, ഇന്ധനം നിറയ്ക്കുമ്പോഴുള്ള കിലോമീറ്റർ റീഡിംഗ്, ആ സമയത്ത് വാഹനത്തിലുണ്ടായിരുന്ന ഇന്ധനത്തിന്റെ മുൻബാക്കി എന്നിവ ലോഗ്ബുക്കിൽ എഴുതിയതിനുശേഷം ടാങ്ക് നിറയ്ക്കുമ്പോൾ സന്നിഹിതനായിരുന്ന ഉദ്യോഗസ്ഥന്റെ പേരും ഒപ്പും ഉദ്യോഗപ്പേരും ലോഗ്ബുക്കിൽ (Fuel Account) രേഖപ്പെടുത്തേണ്ടതിന് ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ വാഹനത്തിന്റെ ടാങ്ക് കപ്പാസിറ്റിയും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

3. രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തുന്നില്ല

ലോഗ്ബുക്കിന്റെ നിർദ്ദിഷ്ട ഭാഗത്ത് വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, Type Of Vehicle എന്നീ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

4. അറ്റകുറ്റപണികളുടെ വിവരം രേഖപ്പെടുത്തുന്നില്ല

അറ്റകുറ്റപണികളെ സംബന്ധിച്ചുള്ള വിവരങ്ങൾ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് 11.02.2022 ന നൽകിയ 31 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാഹനത്തിന്റെ കസ്റ്റോഡിയനായ സെക്രട്ടറിയും, പരിപാലന ചുമതലയുള്ള ഉദ്യോഗസ്ഥരും മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗവും പരിപാലനവും ലോഗ്ബുക്കുകളുടെയും അനുബന്ധ രേഖകളുടെയും പരിപാലനവും നിയമപ്രകാരമാണെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-43 ദുരന്ത പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്

നമ്മുടെ സംസ്ഥാനം സമീപകാലത്ത് നേരിട്ടുകൊണ്ടിരിക്കുന്ന പ്രകൃതി ദുരന്തങ്ങൾ, കാലാവസ്ഥ വ്യതിയാനങ്ങൾ, പകർച്ചവ്യാധികൾ എന്നിവയുടെ പശ്ചാത്തലത്തിൽ അവയെ നേരിടുന്നതിനും ഇനിയൊരു ദുരന്തമുണ്ടായാൽ ക്രിയാത്മകമായി ഇടപെടുന്നതിനും പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനുമായി എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും 2020-21 സാമ്പത്തിക വർഷം മുതൽ ഒരു ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കി വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണ്. സ.ഉ (കൈ)നം.156/2019/തസ്വഭവ, തീയതി: 04.12.2019, സ.ഉ (കൈ)നം. 157/2019/ തസ്വഭവ, തീയതി: 15.12.2019 എന്നീ ഉത്തരവുകൾ പ്രകാരം പ്രകാരം ഈ പദ്ധതിയിൽ ദുരന്ത പ്രതിരോധത്തിനുള്ള തയ്യാറെടുപ്പുകൾ, പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾ എന്നിവ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇത്തരം പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് സ്ഥാപന തലത്തിലും വാർഡ് തലത്തിലും 20അംഗങ്ങൾ വീതമുള്ള ലോക്കൽ റിസോഴ്സ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതാണ്. ഈ ഗ്രൂപ്പുകളുടെ ഘടന, പ്രവർത്തന നിർദ്ദേശങ്ങൾ തുടങ്ങിയ വിവരങ്ങൾ സ.ഉ (കൈ)നം. 09/2020/തസ്വഭവ, തീയതി: 06.01.2020ൽ വ്യക്തമാക്കിയിട്ടുണ്ട്. ദുരന്ത നിവാരണ പദ്ധതി രൂപീകരിക്കുന്നതിനുള്ള ഏകോപനം ഉറപ്പുവരുത്തുന്നതിനായി ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പിനും രൂപം കൊടുക്കേണ്ടതാണ്. ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കാൻ പട്ടികകളും അവയിലേയ്ക്ക് ആവശ്യമായ വിവരങ്ങൾ ശേഖരിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങിയ ഏകീകൃത ടെംപ്ലേറ്റ് സ.ഉ (കൈ)നം. 14/2020/തസ്വഭവ, തീയതി: 14.01.2020 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് വാർഷിക പദ്ധതികളുടെ വികസന സെമിനാറിനു മുമ്പായി ദുരന്ത നിവാരണ പദ്ധതിക്കു മാത്രമായി പ്രത്യേക വികസന സെമിനാർ സംഘടിപ്പിക്കേണ്ടതാണ്. ഇതിൽ ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുവേണം മറ്റു വർക്കിംഗ് ഗ്രൂപ്പുകൾ അവരുടെ പദ്ധതികൾക്കു രൂപം നൽകേണ്ടത്.

ഈ വിഷയം സംബന്ധിച്ച് 05.02.2022 തീയതിയിൽ 03 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കോവിഡ് ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്റർ പ്രവർത്തിപ്പിക്കുന്നതിന് 2020-21 കാലയളവിൽ ദുരന്തനിവാരണ ഫണ്ടായി ജില്ലാ കളക്ടർ അനുവദിച്ച 19,50,000/-രൂപ മുഴുവനായി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ചിട്ടുണ്ടെന്നും 2021-22 സാമ്പത്തിക വർഷം ദുരന്തനിവാരണ ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കി വാർഷിക പദ്ധതിയുമായി സംയോജിപ്പിക്കുന്നതിനും അതിനായി മേൽ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിനും ഭരണ സമിതി പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-44 അളവ് പുസ്തകങ്ങൾ പ്രിന്റ് ചെയ്തതിന് ക്വട്ടേഷനുകൾ ക്ഷണിച്ചില്ല

2020-21 സാമ്പത്തിക വർഷത്തെ വൗച്ചറുകളുടെ പരിശോധനയിൽ അളവ് പുസ്തകങ്ങൾ പ്രിന്റ് ചെയ്തതിന് ക്വട്ടേഷനുകൾ ക്ഷണിക്കാതെ അച്ചടി ചാർജിനത്തിൽ 19,200/-രൂപ ചെലവഴിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി അളവുപുസ്തകങ്ങൾ അച്ചടിച്ച ഇനത്തിൽ റോസ് പ്രസ് കള്ളിക്കാട് എന്ന സ്ഥാപനത്തിനാണ് ഈ തുക നൽകിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വൗച്ചർ നമ്പരും തീയതിയും | 22001073/11.02.2021 |
| ചെക്ക് നമ്പരും തീയതിയും | 196320/10.02.2021 |

ക്വട്ടേഷനുകൾ ക്ഷണിക്കാതെ പ്രിന്റിംഗ് ചാർജിനത്തിനത്തിൽ 19,200/-രൂപ ചെലവഴിച്ചത് ഏതു മാനദണ്ഡ പ്രകാരമാണെന്നത് വ്യക്തമല്ല. ക്വട്ടേഷനുകൾ ക്ഷണിച്ചിരുന്നുവെങ്കിൽ ഇക്കാര്യത്തിൽ മത്സര സ്വഭാവം, സുതാര്യത, ഗുണമേന്മ, കാര്യക്ഷമത എന്നിവ ഉറപ്പാക്കാമായിരുന്നു. മാത്രമല്ല പ്രിന്റിംഗ് ചാർജിനത്തിലുള്ള ചെലവും കുറയ്ക്കാമായിരുന്നു. 2013 ലെ സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7.6 പ്രകാരം 15,000/-രൂപയ്ക്ക് മുകളിൽ 1,00,000/-രൂപ വരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷനുകൾ ക്ഷണിക്കേണ്ടതാണ്. ഖണ്ഡിക 7.31 പ്രകാരം കുറഞ്ഞത് മൂന്ന് ക്വട്ടേഷനുകളെങ്കിലും ക്ഷണിക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ ക്വട്ടേഷനുകൾ ക്ഷണിക്കാതെ ഏകപക്ഷീയമായി ചെലവു ചെയ്തത് ക്രമവിരുദ്ധവും കരണീയമല്ലാത്തതുമായ നടപടിയാണ്.

ഈ വിഷയത്തെക്കുറിച്ച് 09.02.2022 തീയതിയിൽ 16 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രിന്റിംഗ് നിർവ്വഹിക്കുന്നതിന് റോസ് പ്രസ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതു സംബന്ധിച്ച രേഖകളുടെ പരിശോധനയിൽ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ക്വട്ടേഷനിൽ വിവിധ ഫോമുകൾ, ലെറ്റർപാഡ്, നോട്ട്ബുക്ക് എന്നിവയുടെ പ്രിന്റിംഗ് വിവരങ്ങൾ മാത്രമാണുണ്ടായിരുന്നത്. ഇതിൽ അളവുപുസ്തകങ്ങളുടെ (M.Book) വിവരം ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ അളവുപുസ്തകങ്ങളുടെ പ്രിന്റിംഗിന് ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പ്രസ്തുത വിഷയത്തിന്

വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-45 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിസ്തുലമായ പങ്കു വഹിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സർക്കാർ നിർദ്ദേശം കണക്കിലെടുത്ത് ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്റർ പ്രവർത്തിപ്പിക്കുകയും അനുബന്ധ പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്തിട്ടുണ്ട്.

രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്പ്മെന്റ് സ്റ്റഡീസ് നെയ്യാർഡാം എന്ന സ്ഥാപനത്തിലാണ് 100 കിടക്കകളുള്ള ഫസ്റ്റ്ലൈൻ ട്രീറ്റ്മെന്റ് സെന്റർ സജ്ജീകരിച്ചത്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 16.07.2020 ലെ 1364/2020 നമ്പർ ഉത്തരവ് പ്രകാരം 17.07.2020 തീയതിയിൽ സി എഫ് എൽ റ്റി സി മാനേജിംഗ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. ആകെ 09 അംഗങ്ങൾ ഉൾപ്പെട്ട ഈ കമ്മിറ്റിയുടെ ചെയർപേഴ്സൺ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും കൺവീനർ മെഡിക്കൽ ഓഫീസറും നോഡൽ ഓഫീസർ അക്കൗണ്ടന്റും ആണ്. പഞ്ചായത്തിലെ 13 വാർഡുകളിലെയും പ്രവർത്തനങ്ങൾക്കായി 153 പേരടങ്ങുന്ന ആർ ആർ റ്റി യും രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ വരവ് ചെലവ് കണക്കുകൾ കൈകാര്യം ചെയ്യുന്നതിനായി കള്ളിക്കാട് ഫെഡറൽ ബാങ്ക് ശാഖയിൽ സി എഫ് എൽ റ്റി സി മാനേജിംഗ് കമ്മിറ്റി ചെയർപേഴ്സൺ, നോഡൽ ഓഫീസർ എന്നിവരുടെ പേരിൽ 03.08.2020 തീയതിയിൽ ഒരു ജോയിന്റ് സേവിംഗ് ബാങ്ക് അക്കൗണ്ട് (അക്കൗണ്ട് നം. 12980100220135) ആരംഭിച്ചിട്ടുണ്ട്. സി എഫ് എൽ റ്റി സി യുടെ പ്രവർത്തനങ്ങൾക്ക് ദുരന്തനിവാരണ ഫണ്ടിൽ നിന്നും ജില്ലാ കളക്ടർ അനുവദിച്ച തുകകൾ ഈ അക്കൗണ്ടിലാണ് വരവ് വന്നിട്ടുള്ളത്.

ജില്ലാ കളക്ടറുടെ 24.08.2020, 13.11.2020 തീയതികളിലെ എച്ച്1/ഇ/263850/2020 സി എഫ് എൽ റ്റി സി നമ്പർ ഉത്തരവു പ്രകാരം യഥാക്രമം 12,50,000/-രൂപയും 7,00,000/-രൂപയും ചേർത്ത് ആകെ 19,50,000/-രൂപ 2020-21 സാമ്പത്തിക വർഷം പ്രസ്തുത അക്കൗണ്ടിൽ വരവു വന്നിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം ബിംസ് മുഖേന 5,50,000/-രൂപ 29.04.2021 ൽ സെക്രട്ടറിയുടെ ട്രഷറി അക്കൗണ്ടിൽ ലഭിച്ചിട്ടുണ്ട്. ഈ തുകകളെല്ലാം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ചിട്ടുണ്ട്. ഫെഡറൽ ബാങ്കിലെ ജോയിന്റ് സേവിംഗ് ബാങ്ക് അക്കൗണ്ടിൽ പാസ്ബുക്ക് പ്രകാരം 28.03.2021 തീയതിയിൽ 1,647/-രൂപ നീക്കിയിരിപ്പായി അവശേഷിച്ചിട്ടുണ്ട്. 05.02.2022 ലെ 03 നമ്പർ ഓഡിറ്റ് എൻക്വയറിയുടെ ഫലമായി 2020-21 സാമ്പത്തിക വർഷം ദുരന്തനിവാരണ ഫണ്ടിൽ നിന്നും ലഭിച്ച തുകയുടെ വരവ് ചെലവ് സംബന്ധമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ട് | സുലേഖ പ്രകാരം ഉള്ള ചെലവ് |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | അങ്കണവാടി പോഷകാഹാരം | 2,50,000/- |
| | ജലശ്രീ കിണർ റീചാർജ്ജിംഗ് (ജനറൽ) | 2,880/- |

| | | |
|---|---|---|
| | സ്നേഹസ്പർശം | 2,84,875/- |
| | ക്ഷീരസമൃദ്ധി(ജനറൽ) | 2,00,000/- |
| | ക്ഷീരസമൃദ്ധി(വനിത) | 3,00,000/- |
| | പി.എച്ച്.സി യ്ക്ക് ജനറേറ്റർ | 4,99,988/- |
| ജില്ലാപഞ്ചായത്ത് | ജലശ്രീ കിണർ റീചാർജ്ജിംഗ് (ജനറൽ) | 4,320/- |
| | വയോ ക്ലബ് | 0 |
| | സ്നേഹസ്പർശം | 2,84,875/- |
| | ക്ഷീരസമൃദ്ധി(ജനറൽ) | 1,00,000/- |
| | ക്ഷീരസമൃദ്ധി(വനിത) | 0 |
| | ക്ഷീരസമൃദ്ധി(പാലിന് സബ്സിഡി-ജനറൽ) | 1,00,000/- |
| | ക്ഷീരസമൃദ്ധി(പാലിന് സബ്സിഡി-വനിത) | 1,50,000/- |

എ.എഫ്.എസ് പ്രകാരം

| സ്ഥാപനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് (സുലേഖ പത്രിക പ്രകാരം) | നീക്കിയിരിപ്പ് | B4 പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 848204 | 1534875 | 2383079 | 1537743 | 845336 | 846764 |
| ജില്ലാപഞ്ചായത്ത് | 412969 | 634875 | 1047844 | 639195 | 408649 | 408649 |

ബ്ലോക്ക് പഞ്ചായത്ത് വിഹിതം സുലേഖ പ്രകാരമുള്ള ചെലവ് തുകയും എ.എഫ്.എസ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. അവ പൊരുത്തപ്പെടുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി (2018-19 B-18 ഷെഡ്യൂൾ പ്രകാരം) | മുൻകൂർ നൽകിയ തുക (RP-47 പ്രകാരം) | ചെലവഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് തുക (2019-20 B-18 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 1817955 | 1887100 | - | | - | 3705055 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| കെ.എസ്.ഇ.ബി | 440846 | 230896 (**) | - | | - (*2) | 671742 |

(*1) സുലേഖ ചെലവ് പത്രിക പ്രകാരം തൻവർഷം മുൻകൂർ നൽകിയ തുക 19,10,400 /-രൂപയാണ്. ഇതിൽ 18,87,100/- രൂപ ചെലവഴിച്ചു, ചെലവഴിക്കാതെ ബാക്കിയുള്ള തുക 23,300/- രൂപ

(**) സുലേഖ ചെലവ് പത്രിക പ്രകാരം തൻവർഷം മുൻകൂർ നൽകിയ തുക 5,78,832/-രൂപയാണ്. ഇതിൽ 5,42,901/- രൂപ ചെലവഴിച്ചു, ചെലവഴിക്കാതെ ബാക്കിയുള്ള തുക 35,931/- രൂപ.

അപാകത പൊരുത്തപ്പെടുത്തി വിശദാംശം അറിയിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പ വിവരം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം അടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KURDFC | 8879393 | 260000 | 907372 | 8232021 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

വിവരം ലഭ്യമല്ല

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 42,84,801/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,93,91,280/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,96,33,102/- |
| നീക്കിയിരിപ്പ് | 40,42,979/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 29,57,035/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|
| 1-29 | 18,87,100/- | 5,26,700/- | ശ്രീ. ഹരികൃഷ്ണൻ. കെ.ജി, സെക്രട്ടറി |
| | | 13,60,400/- | ശ്രീ. ഇ.വിഷ്ണനമ്പൂതിരി, സെക്രട്ടറി. |
| 1-30 | 1,72,953/- | ശ്രീ. ഹരികൃഷ്ണൻ കെ.ജി, സെക്രട്ടറി | |
| 1-31 | 2,00,000/- | ശ്രീമതി ആര്യ.(വി.ഇ.ഒ ബി.സർക്കിൾ) | |
| 1-32 | 5,01,538/- | ശ്രീമതി പുഷ്പകുമാരി, (വി.ഇ.ഒ ബി.സർക്കിൾ) | |
| 1-33 | 8,050/- | ശ്രീ.ഹരികൃഷ്ണൻ.കെ.ജി, സെക്രട്ടറി | |
| 1-34 | 7,200/- | ശ്രീമതി പുഷ്പകുമാരി.(വി.ഇ.ഒ ബി.സർക്കിൾ) | |
| 1-40 | 1,80,194/- | ശ്രീ. അജോഷ് തമ്പി. ടി.എസ്,<br>മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | |
| | 29,57,035/- | | |

(സി)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|
| ശ്രീ. ഇ.വിഷ്ണനമ്പൂതിരി,<br>സെക്രട്ടറി (റിട്ടയേർഡ്) | വൈഷ്ണവം,<br>റ്റി.സി.64/2326(1),<br>തിരുവല്ലം. |
| ശ്രീ.ഹരികൃഷ്ണൻ.കെ.ജി, സെക്രട്ടറി. | അഭയം,ശാസ്താംകോവിൽ<br>ലെയിൻ,<br>വെടിവച്ചാൻകോവിൽ. |
| ശ്രീമതി ആര്യ (വി.ഇ.ഒ)ബി.സർക്കിൾ | ആര്യഭവൻ,കളലിക്കാട്,<br>മൈലക്കര.പി.ഒ |
| ശ്രീമതി പുഷ്പകുമാരി.<br>(വി.ഇ.ഒ)ബി.സർക്കിൾ | തെക്കുംകര വീട്,<br>ചെറുകോട്,<br>മുളയറ പി.ഒ. |
| ശ്രീ. അജോഷ്തമ്പി. ടി.എസ്,<br>മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | തറയിൽ ഹൗസ്,<br>ചാരുംമൂട്, ചുനക്കര (South),<br>ആലപ്പുഴ. പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | KSA.TVM.GP.2/956/2018, 11.06.2018 | 13 |
| 1998-99 | KSA.TVM.GP.2/956/2018, 11.06.2018 | 2 |
| 1999-2000 | KSA.TVM.GP.2/956/2018, 11.06.2018 | 28 |
| 2000-01 | KSA.TVM.GP.2/956/2018, 11.06.2018 | 12 |
| 2001-02 | KSA.TVM.GP.2/956/2018, 11.06.2018 | 5 |
| 2002-03 | KSA.TVM.GP.2/956/2018, 11.06.2018 | 3 |
| 2003-04 | KSA.TVM.GP.2/956/2018, 11.06.2018 | 15 |
| 2004-05 | KSA.TVM.GP.2/956/2018, 11.06.2018 | 10 |
| 2007-08 | KSA.TVM.GP.2/956/2018, 11.06.2018 | 7 |
| 2008-09 | KSA.TVM.GP.2/956/2018, 11.06.2018 | 5 |
| 2009-10 | KSA.TVM.GP.2/956/2018, 11.06.2018 | 5 |
| 2010-11 | LFTD.GP.2/355/2013, 04.07.2013 | 4 |
| 2011-12 | LFTD.GP.2/1787/2013, 18.12.2013 | 7 |
| 2012-13 | LFTD.GP.2/2456/2014, 16.01.2015 | 5 |
| 2013-14 | LFTD.GP.2/56/2015, 16.01.2016 | 8 |
| 2014-15 | LFTD.GP.2/1362/2016, 01.08.2016 | 20 |

| | | |
|---|---|---|
| 2015-16 | KSA.TVM.GP.2/1919/2016, 24.11.2017 | 6 |
| 2016-17 | KSA.TVM.GP.2/1478/2017, 03.08.2017 | 5 |
| 2017-18 | KSA.TVM.GP.2/165/2019 | 23 |
| 2018-19 | KSA.TVM.GP.2/2189/2019, 13/03/2020 | 22 |
| 2019-2020 | KSA.TVM.GP.2/16/2022, 02/02/2022 | 36 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്